Vol. 20. No. 3.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

March 1922.

# വിഷയ വിവരണിക


| | | പേജ്. |
|---|---|---|
| 1 | മംഗളം. ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള. | 49 |
| 2 | പുതിയ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്. റവ. ഫാദർ സൈമൺ സി. ഡി. | ,, |
| 3 | പരിശുദ്ധ പിതാവിനു മംഗളം. ശ്രീമാൻ തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള. | 52 |
| 4 | തപസ്സുകാലം. റവ. ഫാദർ ഗ്രിഗോരി സി. ഡി. | 53 |
| 5 | ഒരു ബാലികാവേദസാക്ഷിണി. റവ. മാത്യു കടവിൽ, റോമ്മാ. | 56 |
| 6 | 'കത്തോലിക്കസഭാമാസിക'യും മാർപ്പാപ്പായുടെ സർവ്വാധിപത്യവും. ദിവ്യശ്രീ നടുവത്തുശ്ശേരിൽ യാക്കോബുകത്തനാർ. | 57 |
| 7 | വി. യൌസേപ്പുപിതാവിൻെറ മരണത്തിൻ ഭക്തസഭ. റവ. ഫാദർ ഫില്ലായ്യോൻ സി. ഡി. | 60 |
| 8 | മാർപ്പാപ്പായുടെ രാഷ്ട്രീയാധികാരം. ശ്രീമാൻ കെ. സി. വക്കി ബി. ഏ. | 62 |
| 9 | കത്തോലിക്കാസഭയുടെ മനോഹരത്വം. റവ. ഫാദർ തോമസ് മണ്ണനഞ്ചേരി. | 63 |
| 10 | കേരളത്തിലേ ക്രിസ്ത്യീയരാജാവ്. റവ. ഫാദർ ബെർണ്ണാർഡ് സി. ഡി. | 65 |
| 11 | തിരുഹൃദയപൊതുനിയോഗം. | 67 |
| 12 | മാതാവിൻെറ ലുത്തനിയാ (പദ്യം) നമ്മുടെ യുവകവികൾ. | 68 |
| 13 | കുറിപ്പുകളും വർത്തമാനങ്ങളും. ചരമവാർത്തകൾ, പഞ്ചാംഗം. | 69 |


ഗ്രന്ഥാവലിക്ക വരിപ്പണമായുംമററും പണസഹായം ചെയ്യുന്ന വരുടെ പേരുവിവരം.

ബ്ര. അവർകൾ രൂ.

,, ചോതിരക്കുന്നേൽ യൌസേപ്പച്ചൻ 1

,, തറയിൽ യൌസേപ്പച്ചൻ കാട്ടുകുററി 1

,, നെൽക്കര പൌലോസു ശമ്മാശൻ 1

,, എളംകുന്നപ്പുഴ ഫ്രാൻസീസ്കോസച്ചൻ 1

മ. രാ. രാ.

കോടകശ്ശേരിൽ ഔസേപ്പ കുറവിലങ്ങാട്. 1

,, സെക്രട്ടറി സെൻറുതോമ്മസ വായനശാല ചമ്പക്കുളം. 1

,, ചാക്കോ ജോസഫ് തത്തമ്പള്ളി. 1

,, തെക്കിനേടത്തു, കുഞ്ഞുവറീസു കൊച്ചേവുസേപ്പ ചൊവ്വര. 1

,, പേരുവയ്ക്കാതെ ഒരു മാന്യൻ. 1

മ. രാ. രാ. അവർകൾ രൂ.

,, പൊന്നാമററം ഔസേപ്പുമാപ്പിള 1

,, വടക്കേക്കുളത്തിൽ പീലിപ്പോസ് ആലപ്പുഴ. 1

,, സി. എ. ഫിലിപ്പ പുളിംകുന്നു. 1

,, കറുകയിൽ ശൌരി റപ്പേൽ തൃപ്പൂണിത്തുറ. 1

,, പണിക്കക്കുഴി പൈലി റപ്പേൽ മലയാററൂർ. 1

,, പേരുവയ്ക്കാതെ ഒരു മാന്യൻ. ൫

,, കെ. സി. വക്കി ബി. ഏ. 1

,, ഇ. സി. ജോൺ ബി. ഏ. 1

,, കെ. ഇ. ജോബ് ബി. ഏ. 2

# കർമ്മലകുസുമം.

പുസ്തകം ൨൦.　　൧൯൨൨ മാർച്ച്　　ലക്കം ൩.


## മംഗളം.

നിരവധിപിഴമുന്നം ചെയ്കയാൽ പാററപോലെൻ
മരണസമയമുള്ളം ചഞ്ചലം പൂണ്ടിടുമ്പോൾ
പരമസുകൃതപാഥോരാശി യൌസേപ്പു ധന്യൻ
കരളലിവൊടിനിക്കാലംബമായ് നിന്നിടേണം.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

## പുതിയ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു്.

മിലാനിലെ മെത്രാപ്പോലീത്താ ആയിരുന്ന മഹോന്നത ദിവ്യശ്രീ കർദ്ദിനാൾ അക്കീലസ് റാത്തി അവർകൾ ഫെബ്രുവരി ൬-ാനു തിങ്കളാഴ്ച കാലത്തു ൧൧൦ മണിക്കു മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെടുകയും, അവിടുന്നു പതിനൊന്നാംപീയൂസെന്ന നാമം സ്വീകരിക്കയും ചെയ്തിരിക്കുന്നു എന്ന മംഗളവാർത്ത സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു.

പരിശുദ്ധപിതാവു പതിനഞ്ചാം ബനദീക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ജനുവരി ൨൨-ാംനു ഞായറാഴ്ചയാണല്ലൊ ദേഹവിയോഗം ചെയ്തതു്. ൨൬-ാനു വ്യാഴാഴ്ച അത്യാഘോഷപൂർവ്വം അവിടത്തെ ശവസംസ്കാരകർമ്മം നടത്തപ്പെട്ടു. മുറപ്രകാരമുള്ള പത്തു ദിവസത്തെ ശേഷക്രിയകൾ കഴിച്ചശേഷം ഫെബ്രുവരി ൨-ാനു വ്യാഴാഴ്ച കർദ്ദിനാളന്മാർ പുതിയ മാർപ്പാപ്പായെ തെരഞ്ഞെടുക്കുന്നതിലേക്കുള്ള "കൊൺക്ലേവ്" സംഘം ആരംഭിക്കയും, അഞ്ചാംദിവസം തിങ്കളാഴ്ച, മുമ്പു പലപ്പോഴും സംഭവിച്ചിട്ടുള്ളതുപോലെ, ആരും പ്രതീക്ഷിക്കാത്തവിധത്തിലുള്ള ഈ തെരഞ്ഞെടുപ്പു പ്രസിദ്ധീകരിക്കപ്പെടുകയാണുണ്ടായതു്.

പുതിയ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഇററലിയിൽ മിലാൻ രൂപതയിൽപ്പെട്ട ബ്രിയാൻസായിൽ ദേസിയോ എന്ന സ്ഥലത്തു ൧൮൫൭ മെയിമാസം ൩൦-ാനു യാണ് ഭൂജാതനായതു്. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞശേഷം ഉന്നതശാസ്ത്രസമ്പാദനത്തിനായി ഇദ്ദേഹം റോമായിലേക്കുപോയി. തത്വം വേദാന്തം സഭാനിയമങ്ങൾ എന്നിതുകളിൽ ഡോക്ടർസ്ഥാനം ലഭിച്ചശേഷം ൧൮൭൯-ൽ പട്ടമേല്ക്കയും, വത്തിക്കാൻ ബസ്സീലിക്കായിൽ വി. പത്രോസിന്റെ ശവകുടീരത്തിങ്കൽ നവപൂജ അർപ്പിക്കയും ചെയ്തു. അനന്തരം ൧൮൮൨ മുതൽ ൧൮൮൮ വരെ മിലാൻ സെമ്മിനാരിയിൽ വേദാന്തം, അലങ്കാരം എന്നീശാസ്ത്രങ്ങളുടെ പണ്ഡിതനായിജോലിനോക്കി. ൧൮൮൮ ൽ മിലാനിലെ വിശ്വവിശ്രുതമായ അംബ്രോസിയൻ ഗ്രന്ഥശാലയിലെ പണ്ഡിതാഗ്രേസര

ന്മാരുടെ ശേഖരത്തിൽ ഇദ്ദേഹവും നിയമിക്കപ്പെടുകയും, കടശി ൧൯൦൭ൽ പ്രസ്തുത ഗ്രന്ഥശാലയുടെ അദ്ധ്യക്ഷനെന്ന മഹനീയപദത്തിൽ ഉയർത്തപ്പെടുകയും ചെയ്തു. ൧൯൦൫ മാർച്ചുമാസം നമ്മു-പരിശുദ്ധപിതാവു പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഫാദർ റാത്തിക്കു "ഡൊമെസ്റ്റിക്ക പ്രിലെററു" സ്ഥാനം നൽകുകയുണ്ടായി. ൧൯൧൧ൽ വത്തിക്കാൻ ഗ്രന്ഥശാലയുടെ ഉപാദ്ധ്യക്ഷനായി റോമ്മായിലേക്കു വിളിക്കപ്പെടുന്നതുവരെ തന്റെ വൈദികവൃത്തിയുടെ മുപ്പതിൽപ്പരം വത്സരങ്ങളോളം ഇദ്ദേഹം മിലാനിൽത്തന്നേയാണ് വിനിയോഗിച്ചതു. ഒരു ക്രിസ്തീയകേന്ദ്രസ്ഥാനമായ ആ മഹാനഗരത്തിൽ ഫാദർ റാത്തിയുടെ സഹായ സഹ രണങ്ങൾ കൂടാതെ ഇക്കാലത്തിന്നിടക്കു സാമുദായികമോ സാന്മാർഗ്ഗികമോ ആയ യാതൊരു പ്രസ്ഥാനവുണ്ടായിട്ടില്ലെന്നു പറയപ്പെടുന്നു. അംബ്രോസിയൻ ഗ്രന്ഥശാലയുടെ ഭണ്ഡാരങ്ങളെത്തുറന്നു സ്വയംകൃതങ്ങളായ പല നവീനശാസ്ത്രഗ്രന്ഥനിക്ഷേപങ്ങൾ അദ്ദേഹം ലോകത്തിന്നു പ്രദാനം ചെയ്തുവന്ന ആ കാലത്തിൽതന്നേ, സെനക്കിൾ സഭാകന്യകകളുടെ ആത്മോപദേഷ്ടാവായിട്ടും, പുരുഷന്മാരുടേയും, സ്ത്രീകളുടേയും, കുട്ടികളുടേയും വക നാനാതരത്തിലുള്ള പല കത്തോലിക്കാ സമാജങ്ങളുടെ അദ്ധ്യക്ഷനെന്നുള്ള നിലയിലും, വിശുദ്ധ സെപ്പുൾക്രോ ദേവാലയത്തിൽ കുട്ടികളുടെ വേദോപദേശഗുരുവിന്റെ ജോലിയിലും ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷക്കുമായി നിരന്തരം യത്നിച്ചുകൊണ്ടിരുന്നു. എന്നാൽ ദുഷ്പ്രാപ്യങ്ങളായ ആൽപ്സ് പർവ്വതശൃംഗങ്ങളിലേക്കു ശാസ്ത്രീയപര്യടനത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള "ഇററലോ അല്പൈൻക്ലബ്ബ്" എന്ന സംഘത്തിന്റെ സാമാജികനായി മോൺസിഞ്ഞോർ റാത്തി പ്രവർത്തിച്ചിട്ടുള്ള ധീരകൃത്യങ്ങൾവഴിക്കാണ് യൂറോപ്പിലെ ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ അദ്ദേഹത്തിന്റെ നാമം സുപരിചിതമായിത്തീർന്നിരിക്കുന്നതു്. ദുർഗ്ഗമങ്ങളും ആപല്ക്കരങ്ങളുമായ പതനങ്ങളിൽക്കൂടി പതിനയ്യായിരത്തിൽപരം അടിപൊക്കംവരെ അദ്ദേഹത്തിന്റെ പരിശോധനകൾ ചെന്നെത്തിയിട്ടുണ്ടു്. ജീവൻപോലും അപകടത്തിലാവുകയും, പലരാത്രികൾ ഭയാനകങ്ങളായ വിപിനമദ്ധ്യത്തിൽ ഉറക്കമില്ലാതെ ധൈര്യപൂർവ്വം കഴിച്ചുകൂട്ടുകയും ചെയ്തിട്ടുള്ള അവസരങ്ങൾ ചുരുക്കമല്ല. ഈദൃശപര്യവേക്ഷണങ്ങളിൽ ഇദ്ദേഹത്തിന്റെ അനവരതസഹചാരി എന്നപോലെ അദ്ദേഹത്തെ അനുഗമിച്ചിരുന്നതു മിലാനിലേ സാൻകാർലോ സെമ്മിനാരിയിലെ റെക്ടരായിരുന്ന മോൺസിഞ്ഞോർ ഗ്രസെല്ലി അവർകളായിരുന്നു. ൧൯൦൦-ൽ മോൺസിഞ്ഞോർ റാത്തി ഇംഗ്ലണ്ടു സന്ദർശിച്ച അവസരത്തിലും ഇദ്ദേഹം കൂടെ പോയിട്ടുണ്ടായിരുന്നെന്നുള്ളതും സ്മരണീയമാണ്.

റോമ്മായിലെത്തിയ ശേഷം ൧൯൧൨-ൽ ഇദ്ദേഹത്തിനു വി. അംബ്രോസീസിന്റെ കാനൻ എന്ന സ്ഥാനവും സിദ്ധിക്കയുണ്ടായി. വത്തിക്കാൻ ഗ്രന്ഥശാലയുടെ കീർത്തിപ്പെട്ട അദ്ധ്യക്ഷനായിരുന്ന ഫാദർ ഫ്രാൻസീസ് എഹറൽ എസ്. ജെ, അവർകൾ ൧൯൧൪-ൽ സ്ഥാനമൊഴിഞ്ഞ അവസരത്തിൽ, ഉപാദ്ധ്യക്ഷനായിരുന്ന ഫാദർ റാത്തി തൽസ്ഥാനത്തിൽ നിയമിക്കപ്പെട്ടു. ൧൯൧൮-ൽ യൂറോപ്യൻ മഹായുദ്ധമദ്ധ്യേ പോളണ്ടിലേക്കു "വിസിററർ അപ്പസ്തോലിക്കാ" ആയിട്ടു അയക്കപ്പെട്ടതുവരെ വത്തിക്കാനിൽ താമസിച്ചു ശാസ്ത്രീയമായ കാര്യങ്ങളിൽ ഏർപ്പെട്ടു ശ്രമിച്ചുകൊണ്ടിരിപ്പാൻ ലഭിച്ച അവസരം മോൺസിഞ്ഞോർ റാത്തി വ്യർത്ഥമാക്കിക്കളഞ്ഞില്ല. നൂതനമായി പല ഭാഷകൾ അതിനിടകൊണ്ടു അദ്ദേഹം പഠിച്ചു കൈവശമാക്കി. ആ കൂട്ടത്തിൽ ഇംഗ്ലീഷ് ഭാഷയിലും സാമാന്യം നല്ല വ്യുല്പത്തി സമ്പാദിച്ചിട്ടുണ്ടു്. ശാസ്ത്രീയമായ പല വിശിഷ്ട കൃതികൾ അവിടെവച്ചും അദ്ദേഹം എഴുതുകയുണ്ടായി. അഞ്ചു വർഷത്തോളം ഇങ്ങനെ കഴിഞ്ഞ ശേഷം ൧൯൧൮ ഏപ്രിൽ ൨൫-ാംനു-യാണ് അദ്ദേഹം പോളണ്ടിലേക്കു അയക്കപ്പെട്ടതു്. രാജ്യതന്ത്രവിഷയങ്ങളിലൊന്നിലും അതുവരെ ഏർപ്പെട്ടിട്ടില്ലാത്ത ഒരാളിനെ ആ അപകടഘട്ടത്തിൽ അങ്ങോട്ടയച്ചതിനെപ്പററി പലൎക്കും ആശങ്കയുണ്ടാ

കാതിരുന്നില്ല. എങ്കിലും മൊൺസിഞ്ഞോർ റാത്തിയുടെ മനക്കരുത്തും രാജ്യതന്ത്രനിപുണതയും, വിവേകവും പ്രത്യക്ഷപ്പെടുന്നതിനു അതു ഒരു തക്ക അവസരമായിട്ടാണ് തീൎന്നതു്. പോളണ്ടിൽ ബോൽഷേവിക്കുകാർ കരസ്ഥമാക്കിയിരുന്ന പല പള്ളിവസ്തുക്കളും അദ്ദേഹം അചിരേണ വീണ്ടെടുത്തു. പോളണ്ടിനു നാനാതരത്തിലുള്ള രാഷ്ട്രീയ അവകാശങ്ങൾ സിദ്ധിക്കുന്നതിനു ഇദ്ദേഹം ഹേതുഭൂതനായിട്ടുണ്ട്.

കടശി സ്വാതന്ത്ര്യരാജ്യമായിത്തീൎന്ന പോളണ്ടിനു വത്തിക്കാനുമായിട്ടുള്ള ബന്ധം ഇദ്ദേഹം ഉറപ്പിക്കയും, പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഇദ്ദേഹത്തെത്തന്നെ പോളണ്ടിലേക്കുള്ള മാർപ്പാപ്പായുടെ ഒന്നാമത്തെ സ്ഥാനപതിയായി ഉറപ്പിക്കയും ചെയ്തു. ൧൯൧൯ ജൂലയി മാസത്തിൽ പോളണ്ടിന്റെ പ്രീമാസായ കക്കോവ്സ്കി കർദിനാളിനാൽ വാർസോയുടെ മെത്രാനായി ഇദ്ദേഹം അഭിഷിക്തനായി. അനന്തരം ൧൯൨൦-ലാണ് ഇദ്ദേഹത്തിന്റെ കീൎത്തി മൂൎദ്ധന്യത്തെ പ്രാപിച്ചതു്. ബോൽഷേവിക്കുകാർ പോളണ്ടിൽ പ്രവേശിച്ചു; വാർസോയും ആക്രമിക്കുമെന്നുള്ള നിലയായി; രാജപ്രതിനിധികളും, ഗവൎമ്മെന്റധികാരികളും ജനപ്രമാണികളും പട്ടണം വിട്ടോടിപ്പോയി. മൊൺസിഞ്ഞോർ റാത്തിയാകട്ടെ മാർപ്പാപ്പാ തിരുമനസ്സിലെ പ്രത്യേക ആജ്ഞയനുസരിച്ചു ജനങ്ങളുടെ പരിത്രാതാവായി അവിടെത്തന്നെ താമസിച്ചു. പോളണ്ടിൽ കത്തോലിക്കാമതത്തിനു പ്രഥമസ്ഥാനം നൽകേണ്ടതാണെന്നും, സഭാസംബന്ധമായ യാതൊരു സംഗതിയിലും തിരുസിംഹാസനത്തോടു മുൻകൂട്ടി ആലോചിക്കാതെ ഗവൎമ്മെന്റു് ഇടപെടുന്നതല്ലെന്നുമുള്ള അത്ഭുതപൂൎവ്വമായ രണ്ടു നിശ്ചയങ്ങൾ പോളിഷ് ജനാധിപത്യ നിയമങ്ങളിൽ ഉൾപ്പെടുത്തിയതു ഇദ്ദേഹത്തിന്റെ നിസ്തന്ദ്ര ശ്രമത്തിന്റെ ഫലമായിട്ടാകുന്നു. മോഹിലുവയിലെ മെത്രാപ്പോലീത്താ, മിൻസ്കിലെ മെത്രാൻ ആദിയായി അനേകം തടവുകാർ ഇദ്ദേഹത്തിന്റെ മാദ്ധ്യസ്ഥതാൽ റഷ്യൻ ബോൽഷേവിക്കുകാരുടെ ബന്ധനത്തിൽനിന്നു മോചിക്കപ്പെട്ടതും മററും അക്കാലത്തു സുപ്രസിദ്ധ സംഭവങ്ങളായിരുന്നു.

ഇങ്ങനെയിരിക്കെ ൧൯൨൧ ഫെബ്രുവരി മാസത്തിൽ മിലാനിലെ മെത്രാപ്പോലീത്തായായിരുന്ന കാർഡിനൽ ഫെറാരി കാലഗതിയെ പ്രാപിച്ചു. ഇരുപതു ലക്ഷത്തിൽപരം ജനങ്ങളും, എണ്ണൂറിൽപരം ഇടവകകളുമുള്ള വിസ്തൃതമായ ഈ അതിമെത്രാസനത്തെ ഭരിക്കുന്നതിനു മൊൺസിഞ്ഞോർ റാത്തിയെപ്പോലെ ഉത്തമനായ വേറൊരാളെ കണ്ടെത്തുന്നതിനു പതിനഞ്ചാംബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സിലേക്കു കഴിഞ്ഞില്ല. ആകയാൽ ലെപ്പാന്റോയുടെ നാമമാത്രമെത്രാപ്പോലീത്തായായിട്ടു ഇദ്ദേഹത്തെ മിലാനിലേക്കു നിയമിക്കയും ൧൯൨൧ ജൂൺ ൧൩-നു കൂടിയ കർദ്ദിനാൾ സംഘത്തിൽവച്ചു ഇദ്ദേഹത്തെ കർദിനാൾ സ്ഥാനത്തിലേക്കു ഉയൎത്തുകയും ചെയ്തു. ഇപ്രകാരംതന്നെ വാർസോയിലെ അപ്പസ്തോലിക്കു നൂൺസിയൊ ആയിരുന്ന മൊൺസിഞ്ഞോർ ബെനെദേത്താ ഒരെസ്സാൽസ്കി എന്ന ദേഹം ൧൮൯൪-ൽ കർദിനാളും മിലാൻ മെത്രാപ്പോലീത്തായുമായി നിയമിക്കപ്പെട്ടിട്ടുള്ളതും റാത്തി കർദിനാളിന്റെ ഭദ്രാസനാലയമായി റോമിൽ നൽകപ്പെട്ടിരിക്കുന്ന "സൻമത്തിനൊ ദെയിമോന്തി" എന്ന ദേവാലയം, മിലാനിലെ അദ്ദേഹത്തിന്റെ പുരാതന മുൻഗാമിയായ വി. കാർളോസ് ബൊറൊമ്മേയൊ കർദിനാളിന്റെ കീഴ നാലുവൎഷം ഇരുന്നിട്ടുണ്ടെന്നുള്ളതും സ്മരണീയ സംഭവങ്ങളായിട്ടു ഇററാല്യൻ പത്രങ്ങൾ ആ തരുണത്തിൽ ഘോഷിക്കയുണ്ടായി. ഇററലിയിൽ ഒരു മെത്രാൻ കാലം ചെയ്തു ആറുമാസം കഴിഞ്ഞ ശേഷമല്ലാതെ അദ്ദേഹത്തിന്റെ പിൻഗാമിക്കു ഇററാലിയൻ ഗവൎമ്മെന്റിൽനിന്നു സ്ഥാനാരോഹണാനുമതി ലഭിക്കുന്നതല്ലാത്തതിനാൽ, ഇക്കഴിഞ്ഞ സെപ്ററമ്പർ മാസത്തിൽ മാത്രമാണ് കാർഡിനൽ റാത്തി മിലാനിൽ ഭരണം ആരംഭിച്ചതു്. അതിനാൽ അതു കഴിഞ്ഞു അഞ്ചു മാസത്തിനകമാണ് മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഫെബ്രുവരി ൨-ാംനു വ്യാഴാഴ്ച ആരംഭിച്ച ഇത്തവണത്തെ കൊൺക്ലേവിൽ ആകെയുള്ള ൬൦ കർദ്ദിനാളന്മാരിൽ ൫൩ പേരും സന്നിഹിതരായിരുന്നു. കാർഡിനൽ ഗസ്പാറിയോ, കാർഡിനൽ മേറിഡെൽവാളോ തെരഞ്ഞെടുക്കപ്പെടുമെന്നായിരുന്നു ലോകമൊട്ടുക്കുള്ള പ്രതീക്ഷ. വത്തിക്കാൻ അരമനയുടെ ചുറ്റും ജനക്കൂട്ടം അക്ഷമന്മാരായി കാത്തുനിന്നിരുന്നു. ഞായറാഴ്ച ഉച്ചതിരിഞ്ഞിട്ടും തെരഞ്ഞെടുപ്പു കഴിഞ്ഞതായ പുകച്ചുരുൾ യോഗശാലയിലെ ചിമ്മിണിയിലൂടേ പ്രത്യക്ഷപ്പെട്ടതു. ആൾക്കൂട്ടം ക്രമാതീതമായി വർദ്ധിച്ചു. തിങ്കളാഴ്ച പതിനൊന്നര മണി കഴിഞ്ഞു മൂന്നുമിനിട്ടായപ്പോൾ പ്രതീക്ഷാവിഷയമായ സന്തോഷവർത്തമാനം പരസ്യമാവുകയുംചെയ്തു കാർഡിനൽ റാത്തി തെരഞ്ഞെടുക്കപ്പെട്ടതിൽ ഇറ്റാല്യൻ ജനസഞ്ചയത്തിനുള്ള സംതൃപ്തി നിസ്സീമമെന്നേ പറയേണ്ടതുള്ളു. വത്തിക്കാനും രാജകൂടവുമായിട്ടുള്ള രമ്യത വർദ്ധിച്ചുകാണ്മാൻ അവർക്കുള്ള അഗ്രഹത്തിനു പുതിയ മാർപ്പാപ്പാ സർവ്വപ്രകാരേണയും അനുകൂലിക്കുന്ന ഒരാളാണെന്നുള്ള ആശംസയാണ് ഇതിന്റെ പ്രധാനകാരണമെന്നു കാണുന്നു. തെരഞ്ഞെടുപ്പു കഴിഞ്ഞാലുടൻ പുതിയ മാർപ്പാപ്പാ പത്രോസിന്റെ ദേവാലയത്തിനകത്തു പ്രവേശിച്ചു നൽകാറുള്ള ആശീർവാദം ഇത്തവണ പതിവുവിട്ടു മുകളിലത്തെ ബാൽക്കണിയിൽനിന്നുതന്നെ കൊടുപ്പാൻ തിരുമനസ്സായതു ജനസാമാന്യത്തിനു പരിശുദ്ധ പിതാവിനെക്കുറിച്ചുണ്ടായിരുന്ന മേല്പറഞ്ഞ പ്രത്യാശംസയെ അത്യധികം വർദ്ധിപ്പിക്കുന്നതിനു കാരണമായിട്ടുണ്ടു്. ൧൨-ാംനു ഞായറാഴ്ചയായിരുന്ന തിരുമനസ്സിലെ സിംഹാസനാരോഹണം മേൽപ്രസ്താവിക്കപ്പെട്ട പൊതുജനാഭിപ്രായം പ്രസ്തുത അവസരത്തിലും പ്രതിബിംബിച്ചു കാണുകയുണ്ടായി. ൨ ലക്ഷത്തിൽപ്പരം ജനങ്ങൾ അന്നേദിവസം വി. പത്രോസിന്റെ ദേവാലയാങ്കണത്തിൽ വന്നുകൂടിയിട്ടുണ്ടായിരുന്നു. ഇറ്റാല്യൻ സൈന്യം കാഹളനാദത്താൽ അന്നു തിരുമേനിയെ അഭിവാദ്യം ചെയ്കയുമുണ്ടായി. ൧൮൭൦-ൽ മാർപ്പാപ്പായുടെ രാജ്യാധികാരം നഷ്ടീഭവിച്ചതിനുപിമ്പു ഇദംപ്രഥമമായിട്ടാണ് ഈ രണ്ടു സംഭവങ്ങളും നടന്നിട്ടുള്ളതെന്നു ആഹ്ലാദപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം സർവ്വജനസംപൂജ്യനായി, ശാസ്ത്രപാരംഗതനായി, രാജ്യതന്ത്രപ്രവീണനായി, പത്രോസിന്റെ ൨൬൦-ാമത്തെ പിൻഗാമിയായി തിരുസിംഹാസനത്തെ ആരോഹണം ചെയ്തിരിക്കുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ചിരകാലം വാണരുളുമാറു നമുക്കു ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

ഫാദർ സൈമൺ സി. ഡി.

## പരിശുദ്ധ പിതാവിനു മംഗളം.

ലോകക്കനശ്വരഗുണങ്ങളണച്ചിടാന—
ന്നാകം ശ്രമിച്ച ഗുണവാൻ ബനഡിക്ടുപാപ്പാ
ആകല്യമൂലമിളവിട്ടതിനാലുദിച്ച—
ശോകം ശമിച്ചു നവസമ്മദമാർന്നു ലോകം!

ആ പാവനന്നുചിതനാമനുഗാമിയായി
മാർപാപ്പതൻ മഹിതമായപദത്തിലിപ്പോൾ
ധീപാരമാർന്ന സുധി പീയുസു നാമധേയൻ
ഭൂപാലപൂജിതപദൻ വിലസുന്നു ദൈവാൽ.

നാനാപ്രബന്ധരചകത്വത, വേദശാസ്ത്ര—
ജ്ഞാനാഭിവൃദ്ധി, പുരുശേമുഷി, വാക്പതിത്വം
പീനാനുകമ്പ മുതലായ ഗുണൗഘമെല്ലാ—
മീനായകങ്കലതുലം കുടികൊണ്ടിടുന്നു.

കാലാനുകൂലഗുണജാലമിണങ്ങുമേതൽ
ശ്രീലാശയൻ സകലജാതിമതസ്ഥരാലും
കോലാഹലം പ്രണുതനായിവരുന്ന മൂലം
മേലാലമേയസുഗുണങ്ങൾ 'സഭ'യ്ക്കുമുണ്ടാം.

ഭൂയിഷ്ഠനന്മകൾ 'സഭ'യ്ക്കുമതേവിധത്തിൽ
സ്ഥായിക്കു പാരിനുമണച്ചു ചിരം ഭരിപ്പാൻ,
നീയിഗ്ഗുണിക്കു വരമാം വരമാശുനൽകാ—
നായിക്കനിഞ്ഞരുളണേ ലവ,മേശുനാഥാ!

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

# തപസ്സുകാലം.

നമ്മുടെ മാതാവായ തിരുസഭ തൻെറ മക്കൾ ഏവരും ദിവ്യഗുരുവായ ഈശോ മ്ശിഹായുടെ ദൃഷ്ടാന്തമനുസരിച്ച് തപസ്സു ചെയ്യണമെന്നും, ഇതിന്നായി പ്രതിവത്സരം ഈ ദിവ്യരക്ഷകൻെറ പീഡാനുഭവങ്ങളുടെ ഓൎമ്മ ആചരിക്കപ്പെട്ടുവരുന്ന ദിവസങ്ങൾക്കു മുമ്പുള്ള നാളുകൾ പ്രത്യേകവിധത്തിൽ വിനിയോഗിക്കണമെന്നും ആജ്ഞാപിച്ചുകൊണ്ടാകുന്നു "അമ്പതുനോമ്പ് അല്ലെങ്കിൽ വലിയ നോമ്പ്" എന്ന തപസ്സുകാലത്തെ നിശ്ചയിച്ചിരിക്കുന്നതു്. ഈ കാലത്തിൽ മുഖ്യമായി നാം അനുസരിക്കേണ്ടതു് നോമ്പും ഉപവാസവുമാണ്. എന്നാൽ ക്രിസ്ത്യാനികൾക്കു യോഗ്യമായ വിധത്തിൽ ഉപവസിപ്പാനാഗ്രഹിക്കുന്നവർ, പ്രമാണത്തിൻെറ അക്ഷരാൎത്ഥത്തെ മാത്രം നോക്കിയാൽപോരാ; പിന്നെയോ പാടുപോലെ തിരുസ്സഭയുടെ അരൂപിയോടു യോജിച്ചുകൊണ്ടു് ഏതുദ്ദേശ്യത്തോടെ ഉപവാസം കല്പിക്കപ്പെട്ടിരിക്കുന്നുവോ ആ ഉദ്ദേശ്യത്തിൽനിന്നു ഒട്ടും തെറ്റിപ്പോവാതിരിപ്പാൻ പരിശ്രമിക്കേണ്ടതാകുന്നു. കാതലായും സാരമായും ഉള്ളതിനെ ഉപേക്ഷിക്കുന്നതായാൽ ബാഹ്യചടങ്ങുകൾകൊണ്ടു പ്രയോജനം ഇല്ലതന്നെ. മാംസവൎജ്ജനം എന്നതുതന്നെ നമ്മുടെ കടമയുടെ "പുറംതോടു" എന്നവിധമേ വിചാരിക്കപ്പെടാവൂ. ഉപവാസത്തിൻെറ മുഖ്യോദ്ദേശ്യം നമ്മുടെ ദുരാശകളെ അമൎത്തി ജീവിതത്തെ ഗുണീകരിക്ക എന്നിതാണ്. ഇതിനാൽ ദൈവത്തെ ഉപദ്രവിച്ചതിന്മേൽ പരമാൎത്ഥമായ മനസ്താപത്തോടും ഒരു അഭിനവ ജീവിതം കഴിക്കണമെന്ന ആഗ്രഹത്തോടും പ്രതിജ്ഞയോടും കൂടെയത്രേ നാം ഉപവസിക്കേണ്ടതു്.

ദിവസത്തിൽ ഒരിക്കൽമാത്രം ഭക്ഷിച്ചുകൊണ്ടു ജീവിപ്പാൻ വഹിയാതെയും, നോമ്പനുസരിപ്പാൻകൂടെ വശമില്ലാതെയും, വളരെ അദ്ധ്വാനമുള്ള വേലകൾ ഉള്ളതിനാൽ ഉപവസിപ്പാൻ നിവൃത്തിയില്ലാതെയും, അനേകം രോഗികളും ക്ഷീണിതരും മറ്റും ഉണ്ടെന്നുവരാം. അങ്ങനെതന്നെ തങ്ങളുടെ ദാരിദ്ര്യം നിമിത്തം ആണ്ടടക്കമുള്ള എല്ലാ ദിനവും ഒരിക്കൽമാത്രം ഭക്ഷിച്ചുകൊണ്ടു ജീവിതം കഴിപ്പാൻ നിൎബന്ധിതരായും അനേകം ആളുകൾ ഉണ്ടു്. എന്നാൽ ഈ തരക്കാരും തങ്ങൾക്കു നേരിടുന്ന ഇച്ഛാഭംഗങ്ങൾ, ഞെരുക്കങ്ങൾ, സങ്കടങ്ങൾ, ബുദ്ധിമുട്ടുകൾ, നാശങ്ങൾ ആദിയായവയെ ക്ഷമയോടും ദൈവചിത്തത്തോടുള്ള അനുയോജ്യതയോടുംകൂടെ സഹിച്ചുകൊണ്ടു്, തങ്ങളുടെ ശരീരവും സാഹചര്യങ്ങളും അനുവദിക്കാത്ത ശാരീരികതപസ്സിനുകൂടെയും ഒരു പരിഹാരം ചെയ്യുന്നതിന്നായി ആത്മീയതപസ്സു ചെയ്യേണ്ടതാണ്. അല്ലാതെ ഇവർ ഈ വിശുദ്ധകാലത്തിൽ യാതൊരു നിയമവും ബന്ധനവും ഇല്ലാത്തവരെപ്പോലെ സ്വാതന്ത്ര്യമായി നടക്കേണ്ടതല്ല. പിന്നെയോ ഇവരും പള്ളിയുടെ പൊതുതപസ്സിൽ യഥാശക്തി ഭാഗഭാക്കുകളാകുവാൻ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ ബാഹ്യോപവാസത്തിലും ശാരീരിക തപഃക്രിയകളിലുമുള്ള കുറവിനെ അന്തരംഗമായ ആശാനിഗ്രഹങ്ങളാലും തീക്ഷ്ണതയോടുകൂടിയ പ്രാൎത്ഥനകളാലും വശംപോലുള്ള ധാരാളമായ ദാനധൎമ്മങ്ങളാലും മറ്റു സൽപ്രവൃത്തികളാലും പരിഹരിപ്പാൻകൂടെയും യത്നിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ അമ്പതുനോമ്പിൻെറ നോമ്പുപവാസങ്ങളെ കണിശമായി അനുസരിക്കുന്നതിന് ഇവൎക്കു കടമയില്ലാ എന്നിരുന്നാലും, ഒഴിവു കൊടുക്കപ്പെടുവാൻ പാടില്ലാത്ത ദൈവിക നിയമമായ തപസ്സിൽനിന്നു ഒരിക്കലും ഇവർ വിമോചിക്കപ്പെടാവുന്നതല്ല. ഇവരും സ്വന്തപാപപരിഹാരാൎത്ഥം ഏതുവിധമെങ്കിലും യഥാശക്തി തപസ്സുചെയ്വാൻ കടപ്പെട്ടവരത്രേ. സകല ക്രിസ്ത്യാനികളേയും ബാധിക്കുന്ന വലുതായതും പൊതുവായതുമായ ഉപവാസം, പാപത്തെ

യും, മദ്യപാനം, പ്രാക്ക, ദൂഷണം, ആണ, ആദിയായവയേയും വർജ്ജിക്കുന്നതിലത്രെ അടങ്ങിയിരിക്കുന്നതു്. ഈ ഉപവാസത്തിൽനിന്നു യാതൊരുവനും ഒഴിവു സിദ്ധിക്കുന്നതല്ല. ഇതു എല്ലാസ്ഥലത്തും എല്ലാകാലത്തും എല്ലാ മനുഷ്യക്കും, ബാലനും വൃദ്ധനും, രോഗിക്കും അരോഗിക്കും, ദരിദ്രനും സമ്പന്നനും, തങ്ങളുടെ ജീവിതകാലം മുഴുവനും വ്യത്യാസമെന്യേ അത്യാവശ്യകരമത്രേ. ഇതിനാലാകുന്നു "നിങ്ങൾ തപസ്സു ചെയ്കയില്ലായെങ്കിൽ നിങ്ങളേവരും നശിക്കും" എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. ആകയാൽ വിശുദ്ധ അഗുസ്തീനോസു പറയുന്നതുപോലെ ഏശയ്യാ ദീർഘദർശിയുടെ പുസ്തകം ൫൮-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന യൂദജനത്തിന്റെ ഉപവാസംപോലെ നമ്മുടേതും നിരാകരിക്കപ്പെടാതിരിപ്പാനായിട്ടു് എല്ലാററിലും മുഖ്യമായി പാപത്തെ വർജ്ജിക്ക എന്ന ഉപവാസത്തെ അനുസരിക്കുന്നതിന്നും, നന്മനസ്സുണ്ടെങ്കിൽ ഏവക്കും എത്രയും സുലഭമായി ചെയ്യാവുന്ന ഈവിധ ആത്മികതപസ്സിനെ അനുഷ്ഠിക്കുന്നതിന്നും നാം ഉൽസുകന്മാരായിരിക്കണം.

തന്നിമിത്തം അഹങ്കാരം, ലോഭം, ദുർമ്മോഹം, കോപം, കൊതി, അസൂയ, ഉദാസീനത എന്നിവയെ നാം വർജ്ജിക്കണം. നമ്മുടെ ശരീരം ഭക്ഷണപാനീയങ്ങളെ വർജ്ജിക്കുന്നതിനോടെ നമ്മുടെ ആത്മാവു ദൈവികാഹാരങ്ങളാൽ പോഷിപ്പിക്കപ്പെടുന്നതിനായി എല്ലാ തിന്മകളിൽനിന്നും നാം വിട്ടുമാറണം. പിശാചിന്റെ കണികളിലേക്കു നമ്മെ പലപ്പോഴും ആനയിപ്പിച്ച നമ്മുടെ കണ്ണുകൾ വ്യർത്ഥവും പാപമയവും ആയ വിഷയങ്ങളേയും നാടകങ്ങളേയും കളികളേയും നോക്കാതെയും, രസജനകങ്ങളായ പുസ്തകങ്ങളേയും നോവലുകളേയും വായിക്കാതെയുമിരുന്നുകൊണ്ടു ഉപവസിക്കട്ടെ. നമ്മുടെ ചെവികൾ മേലാൽ വിഷകരങ്ങളായ സകല വർത്തമാനങ്ങൾക്കും അടക്കപ്പെട്ടും, സദുപദേശങ്ങൾക്കും ക്രിസ്തീയ സംഭാഷണങ്ങൾക്കുമാത്രം തുറക്കപ്പെട്ടുമിരുന്നുകൊണ്ടു ഉപവസിക്കട്ടെ. നമ്മുടെ നാവുകൾ അപഖ്യാതികളേയും അപരാധ പ്രസ്താവനകളേയും പൂർണ്ണമായി വർജ്ജിച്ചു് ദൈവതിരുനാമത്തെ സ്തുതിക്കുന്നതിലും, അവിടത്തെ അനുഗ്രഹങ്ങളെ വർണ്ണിച്ചു പ്രസിദ്ധീകരിക്കുന്നതിലും, സ്വന്ത പാപങ്ങളേക്കുറിച്ചു് ദൈവത്തോടു പൊറുതി അപേക്ഷിക്കുന്നതിലുംമാത്രം വിനിയോഗിച്ചുകൊണ്ടു ഉപവസിക്കട്ടെ. നമ്മുടെ കരങ്ങൾ അശുദ്ധങ്ങളും അന്യായങ്ങളുമായ സകല പ്രവൃത്തികളേയും വർജ്ജിച്ചുകൊണ്ടു ഉപവസിക്കട്ടെ. സംക്ഷേപിച്ചു പറയുന്നതായാൽ നമ്മുടെ ഹൃദയം ന്യായരഹിതങ്ങളായ സകല ആഗ്രഹങ്ങളിൽനിന്നും, നമ്മുടെ പഞ്ചേന്ദ്രിയങ്ങളും ആത്മീയവശങ്ങളും ആപൽക്കരങ്ങളായ എല്ലാ പാപാവകാശങ്ങളിൽനിന്നും ഓടിയകന്നുകൊണ്ടു ഉപവസിക്കണം. ഇതാകുന്നു വേദപാരംഗതനായ വിശുദ്ധ യോഹന്നാൻ ക്രിസോസ്തോമോസ് പറയുന്ന യഥാർത്ഥമായ ഉപവാസം. പാപത്തിൽ മുഴുകി മൃഗസമാനമായ ജീവിതം നയിക്കുന്നെങ്കിൽ ചില ഭക്ഷ്യപദാർത്ഥങ്ങളെ വർജ്ജിച്ചതുകൊണ്ടു എന്തു പ്രയോജനമാണുള്ളതെന്നു് ഈ വിശുദ്ധൻ ചോദിക്കുന്നു. ദുഷ്ടതയിൽ നിമഗ്നനായിരിക്കുന്നെങ്കിൽ ദ്രാക്ഷാരസം വർജ്ജിച്ചതുകൊണ്ടു എന്തു കാര്യസാദ്ധ്യമാണുണ്ടാകുന്നതെന്നു് വിശുദ്ധ അംബ്രോസീസ് ചോദിക്കുന്നു. നമ്മുടെ ആത്മാക്കൾ അഹങ്കാരം അസൂയ വൈരാഗ്യം എന്നിതുകളാൽ നിറഞ്ഞിരിക്കുന്നെങ്കിൽ നോമ്പുപവാസങ്ങൾമൂലം മുഖം ശോഷിച്ചു് വിളറുന്നതിന്നിടയാകുന്നതുകൊണ്ടു എന്തു ഫലസിദ്ധിയാണുള്ളതു്?

ആകയാൽ നമ്മുടെ ഉപവാസങ്ങളോടു യോജിച്ചിരിക്കേണ്ട ഒന്നാമത്തെ സംഗതി നാം പാപത്തെ ഉപേക്ഷിച്ചുകൊണ്ട് തപസ്സിന്റെ അരൂപിയിലും, എളിമയും മനസ്താപവുമുള്ള ഹൃദയത്തോടുകൂടെയും തപസ്സു ചെയ്യേണമെന്നതാകുന്നു. രണ്ടാമത്തെ ഒരു സംഗതി, നമ്മുടെ ഉപവാസങ്ങൾ പ്രീശന്മാരെപ്പോലെ മായസ്തുതിയും കപടഭക്തിയും ഉദ്ദേശിച്ചോ, അല്ലെങ്കിൽ ലുബ്ധന്മാരെപ്പോലെ ഭക്ഷണം ചുരുക്കി ധനം വർദ്ധിപ്പി

ക്കാമെന്നു കരുതിയോ, അല്ലെങ്കിൽ സുഖപ്രിയന്മാരെപ്പോലെ ഒരിക്കൽമാത്രമെ ഭക്ഷണം ഉള്ളെങ്കിലും അതു മോടിയായും രുചികരമായും ചമച്ചുണ്ടാക്കിയ വിവിധഭോജ്യപദാർത്ഥങ്ങളോടുകൂടിയതായിരിപ്പാൻ ഏർപ്പാടു ചെയ്തുകൊണ്ടോ, അല്ലെങ്കിൽ ചില അജ്ഞാനികളെപ്പോലെ മൂഢഭക്തി നിമിത്തമോ അല്ലാ നാം ആചരിക്കേണ്ടതു്. പിന്നെയോ വേദചട്ടങ്ങളുടെ ആചരണയും തപസ്സും പ്രായശ്ചിത്തവും തിരുസ്സഭയുടെ പ്രമാണാനുസരണയും വഴിയായി ദൈവത്തെ പ്രസാദിപ്പിച്ചു് ദൈവകോപത്തെ ശാന്തപ്പെടുത്തി പാപമോചനം പ്രാപിക്കണമെന്നുള്ള കരുതലോടുകൂടെ ആചരിക്കണം.

നാം സദാ സ്മരിച്ചിരിക്കേണ്ട വേറൊരു സംഗതി ഉപവാസത്തോടുകൂടെ ജപവും ദാനധർമ്മവുംകൂടെ യോജിച്ചിരിക്കണമെന്നതാണ്. എന്തെന്നാൽ സ്വർണ്ണനിധികളെ ശേഖരിക്കുന്നതിനേക്കാൾ ഉപവാസവും ദാനധർമ്മവും ആചരിച്ചുകൊണ്ടു ചെയ്യുന്ന ജപം അതിഫലപുഷ്ടി ഉള്ളതായിരിക്കുമെന്ന് റപ്പായേൽ ദൈവദൂതൻ തോബിയാസിനോടു ഉപദേശിച്ചിരിക്കുന്നു. എന്നാൽ ദാനധർമ്മത്തിന് എല്ലാവർക്കും നിവൃത്തിയില്ലെങ്കിൽ ഉപവാസവും ജപവും സംഘടിപ്പിക്കാവുന്നതാണല്ലോ. ഇവ രണ്ടും അനുതപിക്കുന്ന ആത്മാവിന്നു രണ്ടു അഭേദ്യസഖികളാണ്. അഥവാ ദൈവത്തിൻപക്കലേക്കു പറന്നു കയറി അവിടത്തെ സന്നിധിയിൽ എത്തി ദൈവകൃപ ലഭിക്കുന്നതിന്നു സഹായിക്കുന്ന രണ്ടു ചിറകുകളാകുന്നു.

കത്തോലിക്ക ലോകമൊട്ടുക്കുള്ള വിശ്വാസികൾ പൊതുവായ തപസ്സും ഉപവാസവും ജപവും ധർമ്മവും ആചരിച്ചുകൊണ്ട് അനുഗ്രഹമുള്ള പിതാവായ ദൈവത്തോടു പാപമോചനം ഏകമനമായി അപേക്ഷിക്കുന്നതിന്നു നിയമിക്കപ്പെട്ടിരിക്കുന്ന ഈ കാലത്തിൽ മേല്പറഞ്ഞ ആന്തരാർത്ഥഭക്തിയോടും നിവൃത്തിപോലുള്ള ദാനധർമ്മത്തോടും ജപത്തോടുംകൂടെ ആചരിക്കപ്പെടുന്ന ഉപവാസത്തെ ദൈവം സസന്തോഷം സ്വീകരിച്ച് പാപമോചനവും മേലിൽ പാപത്തിൽ വീഴാതെ നല്ല ക്രിസ്ത്യാനികളായി ജീവിക്കുന്നതിന്നാവശ്യമായ ദൈവവരവും ധാരാളമായി നമുക്കു നൽകുമെന്നു പൂർണ്ണമായി വിശ്വസിക്കാവുന്നതാണ്. ആകയാൽ യോവേൽ ദീർഘദർശി വഴിയായി "ഉപവാസത്തെ പരിശുദ്ധമായി നിങ്ങൾ ആചരിപ്പിൻ" എന്നു ദൈവം നമ്മോടുപദേശിക്കുന്നു. തന്നിമിത്തം ചാവദോഷത്തോടുകൂടെ ഇരിക്കുന്നവരുണ്ടെങ്കിൽ അവരുടെ ഉപവാസവും ജപവും ധർമ്മവും ഫലപ്രാപ്തിയുള്ളതാകുന്നതിന്നായി എത്രയും വേഗത്തിൽ പാപപോച്ചരണം ചെയ്ത് ദൈവകോപത്തെ നീക്കി ദൈവപ്രസാദവരത്തെ സമ്പാദിക്കട്ടെ.

നാം ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ഈ നോമ്പുകാലം ഒരുപക്ഷേ നമ്മിൽ ചിലർക്കു ഒടുക്കത്തെ നോമ്പുകാലമായിരിക്കും. ആർക്കറിയാം! അപ്പഴൊ കൈക്കൊള്ളപ്പെട്ട കാലം, രക്ഷയുടെ ദിവസം എന്നു പറയപ്പെടുന്ന ഈ തപസ്സുകാലത്തിൽ ക്രിസ്ത്യാനികൾക്കു യോഗ്യമായ വിധത്തിൽ ക്രിസ്തീയ കടമകളെ ശരിയായി നിർവഹിച്ചു ജീവിപ്പാൻ നാം ഉത്സാഹിക്കണം. കൃപയുടെ ഈ പരിശുദ്ധകാലത്തെ കളിവിളയാട്ടം, സുഖഭോഗം, വഴക്കു, ശത്രുത്വം, പ്രതികാരം എന്നീവക ദുഷ്പ്രവൃത്തികൾക്കു വിനിയോഗിച്ചു ആത്മനാശം വരുത്താതിരിപ്പാൻ നാം സൂക്ഷിക്കണം. ആത്മീയ രോഗശമനത്തിന്നു ഉപയുക്തമായ തപസ്സു അനുസരിച്ചുകൊണ്ടു ആത്മാവിന്റെ രോഗങ്ങളെയും മുറിവുകളെയും സുഖമാക്കുന്നതിന്നു നാം ശ്രമിക്കണം. നമ്മുടെ പാപപരിഹാരാർത്ഥം ഗദ്സെമ്മാൻ തോട്ടത്തിൽ വച്ചു മരണപ്രമാദത്തിലകപ്പെട്ടു രക്തം വിയർത്തു കരഞ്ഞ കർത്താവിനെ അടിക്കടി ഓർത്തു ധ്യാനിച്ചു നമ്മുടെ പാപങ്ങളിന്മേൽ നാം അനുതപിച്ചു കരയണം. ഇങ്ങനെ ചെയ്യുന്നതായാൽ ദൈവം നിനിവേപട്ടണവാസികളുടെ തപസ്സിന്മേൽ കടാക്ഷിച്ചു അവരോടു സമാധാനമായതുപോലെ നമ്മുടെ തപക്രിയകളിന്മേൽ പ്രസാദിച്ചു നമുക്കും പാപമോചനവും നിത്യഭാഗ്യവും നൽകും നിശ്ചയം.

ഫാദർ ഗ്രിഗോരി സി. ഡി.

# ഒരു ബാലികാവേദസാക്ഷിണി.

(ഒരു പ്രൊപ്പഗാന്ത ഫിഷ്യനറിയുടെ ലേഖനത്തിൽനിന്നും.)

കൊച്ചിൻ ചൈനായിൽ പല അവസരങ്ങളിലായി കഠിന മതപീഡനങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയിൽ ഏററം പ്രധാനമായതു (Khant hoa) കാൻറുഹോയായിലെ വേദഞെരുക്കമാകുന്നു. അക്കാലത്തു സത്യവേദത്തെപ്രതി സ്വജീവനെ ഉപേക്ഷിച്ച ൧൨ വയസ്സു മാത്രം പ്രായമുള്ള ഒരു പെൺകുട്ടിയുടെ ധൈര്യം അത്യന്തം ആശ്ചര്യാവഹമായിരിക്കുന്നു. (Dan) ഡാൻ എന്നു പേരായ ഈ ബാലിക അവളുടെ അച്ഛനമ്മമാരോടും സഹോദരിയോടുംകൂടെ മതവൈരികളായ യോദ്ധാക്കളാൽ പിടിക്കപ്പെട്ടു. ഈ സാധുകുടുംബം (Binh-cang) ബിൻകാങ്ങ് എന്ന സ്ഥലത്താണു വസിച്ചിരുന്നതു്. ശത്രുക്കളുടെ ഭീമകരങ്ങൾക്കു അധീനരാകുന്നതിന്നു മുമ്പെതന്നെ അവർ പട്ടിണിക്കു വശംവദന്മാരായിരുന്നു. കാരാഗൃഹനിവാസികൾക്കു അവരുടെ അപരാധം സമ്മതിക്കുന്നതുവരെ ഗവർമ്മെണ്ടിൽനിന്നു ഭോജനം നൽകുന്നതല്ലെന്നുള്ള ആജ്ഞയുണ്ടായിരുന്നെങ്കിലും ഈ സാധുക്കൾക്കു അയൽവാസികളായ ഭക്തിയുള്ള ക്രിസ്ത്യാനികൾ ചിലപ്പോഴൊക്കെ അന്നപാനങ്ങൾ കൊണ്ടുചെന്നു കൊടുക്കാതിരുന്നില്ല. ഇപ്രകാരം രണ്ടു കൊല്ലങ്ങളോളം കാരാഗൃഹത്തിൽ കഷ്ടപ്പെട്ടു താമസിച്ചു എന്നുവരികിലും ദാരിദ്ര്യദുഃഖത്തോടു എതൃത്തുനിൽക്കുന്നതിന്നു ശക്തിയില്ലാതെ അമ്മയും സഹോദരിയും വിശ്വാസം ഉപേക്ഷിച്ചു അനിത്യവാസസ്ഥലമായ പൂർവ്വഗൃഹത്തിലേക്കു പിന്തിരിഞ്ഞു.

വീരബാലികയായ ഡാൻ ആവട്ടെ യോദ്ധാക്കളുടെ ഭീഷണിവാക്കുകളേയൊ, വിശ്വാസമുപേക്ഷിക്കുന്നതിന്നുള്ള അവരുടെ മററു ശ്രമങ്ങളേയൊ അശേഷം ഗണ്യമാക്കിയില്ലെന്നതന്നെയല്ല അവളുടെ ധീരത വിശ്വാസമുപേക്ഷിച്ച ഭീരുക്കളായ മററു ക്രിസ്ത്യാനികളെ ലജ്ജിപ്പിക്കുകൂടി ചെയ്തു. "നിന്റെ ദുശ്ശാഠ്യം കളഞ്ഞു വിശ്വാസമുപേക്ഷിച്ചുകൊള്ളുക, എന്നാൽ നിനക്കു സ്വഗൃഹത്തിൽ പോയി ഭക്ഷണം കഴിക്കാം" എന്നു യോദ്ധാക്കൾ പറഞ്ഞതിന്നു അവളുത്തരിച്ചതായതു്. "ഞാൻ ഒരുനാളും എന്റെ വിശ്വാസമുപേക്ഷിക്കയില്ല, എന്റെ ദൈവത്തെ ഞാനൊരിക്കലും ത്യജിക്കയില്ല."

ഒരു ദിവസം (Nen) നെൻ എന്നു പേരുള്ള കത്തോലിക്കനായ മറെറാരു കാരാഗൃഹവാസി "മാംസഭേദം ചെയ്യുന്ന മുളവടികളുടെ പ്രഹരങ്ങൾ എപ്രകാരം ക്ഷമകേടുകൂടാതെ സഹിപ്പാൻ സാധിക്കുന്നു" എന്നു അവളോടു ചോദിച്ചതിന്നു "അടികൾ എന്നെ വേദനപ്പെടുത്തുന്നുണ്ടു്, എന്നാൽ ഞാൻ അതേപ്പററി ചിന്തിക്കാതിരിപ്പാൻ ശ്രമിക്കയും, പ്രഹരമാരംഭിക്കുമ്പോൾ (Bat-Dao) ബാത്ത ദാഒ എന്ന ജപം ചൊല്ലിത്തുടങ്ങുകയും ചെയ്യുന്നു. (വേദഞെരുക്കസ്മയത്തു ചൊല്ലുന്ന ഒരു ജപമാണിതു) ഈ പ്രാർത്ഥന അടികളുടെ ശേഷവും ഞാൻ ആവർത്തിച്ചു ചൊല്ലും."

കുറെദിവസങ്ങളുടെ ശേഷം പ്രധാനയോദ്ധാവു തന്റെ ഈ നികൃഷ്ടജോലി സിംഹതുല്യനും അതിക്രൂരനുമായ മറെറാരാളെ ഏൽപ്പിച്ചു. ഇവന്റെ പ്രേരണയാൽ പല ക്രിസ്ത്യാനികളും സത്യവേദം ഉപേക്ഷിക്കുന്നതിന്നിടയായി. ഇക്കൂട്ടത്തിൽ ഡാനിന്റെ പിതാവും തന്റെ മകളുടെ സന്മാതൃകയെ അനുകരിപ്പാൻ ധൈര്യമില്ലാതെ വിശ്വാസമുപേക്ഷിക്കുന്നതിന്നു നിർബന്ധിക്കപ്പെട്ടു. തന്റെ പിതാവു തെററിപ്പോകാതിരിപ്പാൻ വേണ്ടി ഡാൻ വിലപിച്ചുകൊണ്ടും അശ്രുക്കൾ പൊഴിച്ചുകൊണ്ടും പറഞ്ഞതായതു "മൂന്നുവർഷക്കാലം കഷ്ടതകളും ഞെരുക്കങ്ങളും അനുഭവിച്ചതു കടശി അതെല്ലാം നിഷ്ഫലമാക്കിക്കളയുന്നതിന്നാണൊ? ദൈവത്തെ ഉപേക്ഷിക്കയൊ! നരകാഗ്നിയിലേക്കു ഒന്നിച്ചുപോകുന്നതിലും ആയിരംവട്ടം നല്ലതു മരിക്കയാകുന്നു. സ്വഭവനങ്ങളിൽപോയാലും താമസംവിനാ നിശ്ചയമായും മരിക്കും എന്നിരിക്കെ വിശ്വാസമുപേക്ഷിച്ചതുകൊണ്ടെന്തുഫലം?" പകൽ മുഴുവനും രാത്രിയും തന്റെ പിതാവിന്റെ സ്ഥൈര്യത്തിനായി അവൾ കരയുകയും അപേക്ഷിക്കയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഹാ കഷ്ടം ആ ഭീരു പിറേറന്നാൾ ശത്രുക്കളുടെ ഇഷ്ടാനു

സരണം കുരിശു നിലത്തിട്ടു ചവുട്ടുകയാൽ കാരാഗൃഹത്തിൽ നിന്നും സ്വതന്ത്രനായി. അനന്തരം മകളോടു സംസാരിക്കുന്നതിന്നായി അയാൾ ചെന്ന സമയം ആ ധീരബാലിക പറഞ്ഞതായതു "നിങ്ങൾ ദൈവത്തെ ഉപേക്ഷിച്ചു. ഇനി മേൽ ഞാൻ നിങ്ങളെ എൻെറ പിതാവായിക്കരുതുന്നില്ല പൊയ്ക്കൊള്ളുക. ദൈവത്തിന്നു നിങ്ങളുടെപേരിൽ കൃപയുണ്ടാകട്ടെ."

നവയോദ്ധാവു മകൾ അഛനെ അനുസരിക്കാതെ ശാന്തമായി നില്ക്കുന്നതുകണ്ട് പൂർവ്വാധികം അവളെ സങ്കടപ്പെടുത്തുവാൻ തുടങ്ങി. ബാലികാരത്നം വേദനയുടെ ആധിക്യത്താൽ ബോധക്ഷയത്തിലായി. കാരാഗൃഹം രക്തപ്രവാഹത്തിൽ മുങ്ങി. രക്തകാംക്ഷിയായ ക്രൂരയോദ്ധാവിനു ഇനിയും തൃപ്തിയായില്ല. രണ്ടു ദിവസങ്ങളുടെ ശേഷം വീണ്ടും കഠോരകരുക്കൾ പ്രയോഗിച്ചു തുടങ്ങി. ബോധരഹിതയായ ഡാനിനെ മൃത്യുവിന്നായി പ്രറേറാറിയത്തിൻെറ (Pritorium) മുററത്തു കൊണ്ടുചെന്നിട്ടു. തത്സമയം (Sau–su) സൊസുയെന്നു പേരുള്ള മറെറാരു ഭക്തയുള്ള ക്രിസ്ത്യാനി അവിടെ യാതൊരാശ്രയവുമില്ലാതെ രക്തത്തിൽ നിമഗ്നയായിക്കിടന്ന പെൺപൈതലിനെ സ്വകരങ്ങളിൽ ഏന്തി കാരാഗൃഹത്തിൽ തിരിച്ചു കൊണ്ടുവന്ന് ഒരു കട്ടിലിൽ കിടത്തി.

അനങ്ങുവാൻ ശക്തിയില്ലാതെകിടന്ന കിടപ്പിൽത്തന്നെ പതിനഞ്ചുദിവസത്തോളം അശേഷം ക്ഷമകേടു കൂടാതെ വേദനകളും സങ്കടങ്ങളും അനുഭവിച്ച ശേഷം മധുരമേറിയ ആ അധരങ്ങളിൽ പുഞ്ചിരി തൂകിക്കൊണ്ട് കളങ്കമററ തൻെറ ആത്മാവിനെ കർത്താവിൻ പക്കൽ അവൾ കയ്യാളിച്ചു.

വിശ്വാസത്തിൽ അബലന്മാരായ ക്രിസ്ത്യാനികൾക്കെല്ലാം പാഠപ്പെട്ട മിശിഹാ കർത്താവിന്നുവേണ്ടി രക്തം ചിന്തി മരിച്ച ഈ ധീരബാലിക ഒരുത്തമ ദൃഷ്ടാന്തമാകുന്നു.

റവ. മാത്യു കടവിൽ, റോമ്മാ.

## 'കാതോലിക്കസഭാ' മാസികയും, മാപ്പാപ്പായുടെ സർവാധിപത്യവും.

"കാതോലിക്കസഭാ" മാസികയുടെ ഒന്നാംപുസ്തകം എട്ടാംലക്കത്തിൽ "സുറിയാനി സഭയും പ്രോട്ടസ്റ്റൻറു സഭകളും" എന്ന തലക്കെട്ടിൽ ഒരു ലേഖനം കാണുകയുണ്ടായി. ലേഖനത്തിൻെറ ഉദ്ദേശ്യം ചില പ്രോട്ടസ്റ്റൻറു വകുപ്പുകാരുടെ അഭിപ്രായത്തെ ഖണ്ഡിച്ച്, ക്രിസ്ത്യസഭയിലെ എപ്പിസ്കോപ്പത്വം (മെത്രാന്മാരുടെ ഭരണം) അപ്പസ്തോലകാലം മുതൽക്കേയുള്ളതാണെന്നു തെളിയിക്കണമെന്നാണ്. ലേഖനത്തിൽ ഒന്നാമത്തെ തെളിവായി കൊടുത്തിട്ടുള്ളതു വി. ക്ലേമീസിൻെറ ഒരു ലേഖനമാകുന്നു. "വി. പത്രോസിൻെറയും വി. പൌലോസിൻെറയും ശിഷ്യനായിരുന്ന വി. ക്ലേമീസ് എപ്പിസ്കോപ്പത്വത്തെ സഭയുടെ ഐക്യത്തിനു അത്യന്താപേക്ഷിതമായ ഒരു ദിവ്യസ്ഥാപനമായി ഗണിച്ചിരുന്നു എന്ന് ക്രി. വ. ൯൦-ാം ആണ്ടോടടുത്തു എഴുതപ്പെട്ടിട്ടുള്ള അദ്ദേഹത്തിൻെറ ലേഖനത്തിൽനിന്നു തെളിയുന്നു."— കാതോലിക്ക സഭാമാസികയുടെ പ്രസ്തുതവാദം സ്ഥാപിക്കുന്നതിനു വി. ക്ലേമീസിൻെറ ഈ ലേഖനം ഏററം ഉത്തമവും അനിഷേധ്യവുമായ തെളിവാണെന്നു അശേഷം സംശയമില്ലതന്നെ.

എന്നാൽ ചില പ്രോട്ടസ്റ്റൻറു വകുപ്പുകളുടെ അഭിപ്രായത്തിനെതിരായി എപ്പിസ്കോപ്പത്വം അപ്പസ്തോലന്മാരുടെ കാലത്തു ഉണ്ടായിരുന്നു എന്നു തെളിയിക്കുവാൻ കാതോലിക്ക് സഭാമാസിക നൽകുന്ന ഈ സാക്ഷ്യംതന്നെ— വി. ക്ലേമീസിൻെറ ലേഖനംതന്നെ— 'റോമാസഭ'യുടെ വിശ്വാസത്തിന്നെതിരായി, മാപ്പാപ്പായുടെ സർവ്വാധിപത്യം അപ്പസ്തോലകാലങ്ങളിൽ ഉണ്ടായിരുന്നതല്ലെന്നു മാസികയിലെ അതേ ലക്കത്തിലെ വേറൊരു ലേഖനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള വാദത്തിനു പ്രതിക്രിയമായിരിക്കുന്നുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ.

കാതോലിക്ക് സഭാമാസിക അതി

ന്റെ ൯൬-ാം പക്ഷത്തിൽ വി. ക്ലേമീസ് റോമിലെ ബിഷോപ്പായിരുന്നു എന്നും, വി. പത്രോസിന്റെയും വി. പൌലോസിന്റെയും ശിഷ്യനായിരുന്നു എന്നും സമ്മതിക്കുന്നുണ്ട്. ആ വിശുദ്ധന്റെ പ്രസ്തുത ലേഖനം അപ്പൊസ്തല കാലത്തുള്ള ക്രിസ്ത്യ സഭയിലെ വിശ്വാസാചാരാദികളെ നിർണ്ണയിക്കുന്നതിനുള്ള ഒരുത്തമ സാക്ഷ്യമായി മാസിക സ്വീകരിക്കുന്നുമുണ്ട്. അതിനാൽ വി. ക്ലേമീസിന്റെ റോമാ മെത്രാൻ പദത്തെക്കുറിച്ചോ ആ വിശുദ്ധന്റെ ഉപദേശ നൈർമ്മല്യത്തെക്കുറിച്ചോ, അദ്ദേഹത്തിന്റെ ലേഖനത്തിന്റെ വിശ്വാസ യോഗ്യതയെക്കുറിച്ചോ തൽക്കാലം ഒന്നും പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലൊ. എന്നാൽ വി. ക്ലേമീസ് ആ ലേഖനം എഴുതുവാനുണ്ടായ കാരണവും സന്ദർഭങ്ങളും ഏവയെന്നു ഇവിടെ സംക്ഷേപമായിട്ടെങ്കിലും വിചാരിക്കേണ്ടിയിരിക്കുന്നു.

ഈ സംഗതി സംബന്ധിച്ചു ക്രിസ്ത്വാബ്ദം മൂന്നാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിക്കുകയും "ക്രിസ്ത്യ സഭാ ചരിത്ര പിതാവു" എന്നു പ്രസിദ്ധി നേടുകയും ചെയ്തിട്ടുള്ള എവുസേബിയസ് എന്ന മഹാനിൽനിന്നും ലഭിച്ചിട്ടുള്ളതും ക്രിസ്ത്യാനികളും ക്രിസ്ത്യേതരന്മാരുമായ ചരിത്രകാരന്മാർ ഒരുപോലെ സ്വീകരിക്കുന്നതുമായ വിവരങ്ങൾ താഴെ ചേർക്കുന്നു. ക്രിസ്ത്വാബ്ദം ൯൦-ാമാണ്ടിടയ്ക്കു കൊറന്തിയായിലെ ക്രിസ്ത്യ സഭയിൽ ഒരു വലിയ ഭിന്നിപ്പുണ്ടായി. അവിടത്തെ നവക്രിസ്ത്യാനികളുടെ ഒരു ഗണം തങ്ങളെ ഭരിച്ചിരുന്ന വൈദികാധികാരികളോടു എതിർക്കുകയും അപ്പൊസ്തലന്മാരാലും അവരുടെ ശിഷ്യന്മാരാലും നിയമിക്കപ്പെട്ടിരുന്ന ആ അദ്ധ്യക്ഷന്മാരെ അവരുടെ സ്ഥാനത്തിൽ നിന്നു ബഹിഷ്കരിക്കയും ചെയ്തു. കൊറന്ത്യ സഭയിലെ ഈ പരിതാപകരാവസ്ഥയുടെ വർത്തമാനം, സങ്കടകാർ മൂലമാണെന്നു തോന്നുന്നു, റോമയിലെ മെത്രാനായ വി. ക്ലേമീസിന്റെ അറിവിൽപ്പെട്ടു. അദ്ദേഹം ഉടനെ ആ സഭയിലെ ഭിന്നത തീർത്തു അവിടെ സമാധാനം പുനസ്ഥാപിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയുണ്ടായി. സുസമ്മതന്മാരും അപ്പൊസ്തലന്മാരുടെ സുപരിചിതന്മാരുമായി റോമിൽ തന്റെ അടുത്തുണ്ടായിരുന്ന മൂന്നു പുണ്യ പുരുഷന്മാരെ തന്റെ പ്രതിനിധികളായി കൊറന്ത്യ സഭയിലേക്കയച്ചു. അദ്ദേഹം ഒരു ലേഖനം എഴുതി കൊറന്ത്യ സഭയിൽ കൊടുക്കുന്നതിനു അവരെ ഏൽപ്പിക്കയും ചെയ്തു. ഇതാണ് നമ്മുടെ ആലോചനയ്ക്കു വിഷയമായിരിക്കുന്ന ലേഖനം. വി. ക്ലേമീസിന്റെ ഉദ്യമത്തിനു പൂർണ്ണവിജയമുണ്ടായി. കൊറന്ത്യ സഭയിൽ സമാധാനം പുനസ്ഥാപിക്കപ്പെട്ടു. വി. ക്ലേമീസിന്റെ ഈ ലേഖനം കൊറന്ത്യസഭയിൽ വളരെ പൂജ്യമായി ആദരിക്കപ്പെടുകയും ഒരു നൂറാണ്ടു കാലത്തോളം ദൈവാരാധനാർത്ഥം ഞായറാഴ്ചതോറും കൂടുന്ന ക്രിസ്ത്യാനികളുടെ സംഘങ്ങളിൽ വേദപുസ്തകത്തോടൊരുമിച്ച് പരസ്യമായി വായിക്കപ്പെടുകയും ചെയ്തിരുന്നു. ഈ ലേഖനം ക്രിസ്തുലോകത്തിൽ ആദ്യമായി കണ്ടുകിട്ടിയതു് ഗ്രീക്കുഭാഷയിലെഴുതപ്പെട്ട വേദപുസ്തകത്തിന്റെ ഏറ്റവും പുരാതനമായ ഒരു കയ്യെഴുത്തുപ്രതിയുടെ ഉള്ളിൽനിന്നാണ്. വി. ക്ലേമീസ് ഈ ലേഖനമെഴുതി കുറച്ചുകാലം കഴിഞ്ഞപ്പോൾ വി. യോഹന്നാൻ അപ്പൊസ്തലന്റെ അടുത്ത ശിഷ്യനായ വി. പൊലികാർപ്പ് എന്ന സഭാപിതാവിനു അതു കിട്ടുകയും അദ്ദേഹം അതിനെ ഒരു അപ്പൊസ്തോലിക ലേഖനമായി ആദരിക്കുകയും ചെയ്തു.

ഇനി ഈ ലേഖനത്തെക്കുറിച്ചു നമുക്കു ആലോചിക്കാം. കൊറന്ത്യ സഭയിൽ മററു സഭകളിലെപ്പോലെ സ്ഥലാധികാരിയായ മെത്രാനുണ്ടായിരുന്നു റോമിലെ സഭയിലെ മെത്രാനായ വി. ക്ലേമീസ് അവിടത്തെ സ്ഥലാധികാരി മാത്രമായിരുന്നെങ്കിൽ കൊറന്ത്യ സഭയിലെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നതിനു അദ്ദേഹത്തിനു എന്തു കാര്യവും അവകാശവും ഉണ്ടായിരുന്നു? വി. പൌലോസ ശ്ലീഹായുടെ നിസ്തുലമായ സ്തുതിക്ക് യോഗ്യനായിത്തീർന്ന വി. ക്ലേമീസ് തന്റെ അധികാരസീമവിട്ടു അന്യ സഭയിലെ ആഭ്യന്തര കാര്യങ്ങളിൽ ന്യായരഹിതമായി തലയിട്ടു എന്നു വിചാരിക്കാമോ? അഥവാ അങ്ങിനെ ഒരധികാരം പ്രയോഗിക്കുന്ന

തിന്നു അദ്ദേഹം ഒരുമ്പെട്ടാൽ തന്നെയും, കുറന്ത്യ സഭയിലെ കലഹക്കാർ ഉൾപ്പെടെയുള്ള ക്രിസ്ത്യാനികൾ ആ അധികാരപ്രയോഗത്തിന്നു വശപ്പെട്ടുമായിരുന്നോ? ആ വിശുദ്ധന്റെ ലേഖനം മേൽപ്രസ്താവിച്ചവിധം അത്ര പൂജ്യമായി ഒരു നൂററാണ്ടു കാലത്തോളം കുറന്ത്യാ സഭയിൽ കൈക്കൊള്ളപ്പെട്ടുമായിരുന്നോ?

വി. ക്ലേമീസ് കുറന്ത്യസഭയിലെ ആഭ്യന്തര കാൎയ്യങ്ങളിൽ പ്രവേശിച്ചതു്, അതിന്റെ അധികാരിയുടെ നിലയിലല്ല, അവരുടെ ഒരു ഗുണകാംക്ഷിയുടെ നിലയിലോ, അഥവാ ക്രിസ്ത്യ കാൎയ്യങ്ങളിൽ തഴക്കവും പഴക്കവുമുള്ള ഒരു മതിമാന്റെ നിലയിലോ ആണെന്നും വിചാരിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ അങ്ങിനെ ഒരാൾ പ്രവേശിച്ചു പ്രവൎത്തിക്കണമെന്നേ ഉണ്ടായിരുന്നുള്ളു എങ്കിൽ അതിന്നു കൂടുതൽ നിലയും വിലയുമുള്ള വേറൊരാൾ അടുത്തുതന്നെയുണ്ടായിരുന്നു. കൎത്താവിന്റെ ശ്ലീഹന്മാരിൽ ഒരാളായ വി. യോഹന്നാൻ അന്നു എഫേസൂസിൽ ജീവിച്ചിരുപ്പുണ്ടു്. പൌരസ്ത്യ ദേശത്തിലുള്ള എഫേസൂസ് നഗരം കുറന്ത്യാസഭയോടു എത്രയോ സമീപിച്ചിരുന്നു. പശ്ചിമദേശത്തുള്ള റോമാ പട്ടണമാകട്ടെ എത്രയോ ദൂരത്തിൽ സ്ഥിതിചെയ്തിരുന്നു. കേവലം ആളിന്റെ യോഗ്യതയും അഭിപ്രായത്തിന്റെ സ്വീകാൎയ്യതയും മാത്രം ആലോചിക്കുന്ന പക്ഷം വി. യോഹന്നാൻ വി. ക്ലേമീസിനെക്കാൾ ക്രിസ്ത്യസഭയിൽ എത്രയോ ഉയൎന്നുനിന്നിരുന്നു. ഈ കാരണങ്ങളാൽ കുറന്ത്യസഭയിലെ ഭിന്നിപ്പിന്റെ വൎത്തമാനം റോമയിൽ എത്തുന്നതിന്നു എത്രയോ മുൻപു എഫേസൂസിൽ എത്തേണ്ടതായിരുന്നു. സങ്കടക്കാർ വി. ക്ലേമീസിനെ ശരണം പ്രാപിക്കുന്നതിനേക്കാൾ എത്രയധികം ധൈൎയ്യത്തോടും മനോവിശ്വാസത്തോടും വിശുദ്ധ യോഹന്നാനെ ശരണം പ്രാപിക്കേണ്ടതായിരുന്നു. സംഗതികൾ ഇപ്രകാരമെല്ലാമായിരുന്നെങ്കിലും വി. യോഹന്നാനല്ല, വി. ക്ലേമീസാണു് കുറന്ത്യസഭയിലെ ആഭ്യന്തരകാൎയ്യങ്ങളിൽ പ്രവേശിച്ചു് അവിടെ സമാധാനം പുനഃസ്ഥാപിച്ചതു്.

വി. ക്ലേമീസിന്റെ ഈ പ്രവേശനം ഒരു മേലധികാരിയുടെ നിലയിലാണെന്നു അദ്ദേഹം എഴുതിയ ലേഖനത്തിന്റെ ഉള്ളടക്കത്തിൽ നിന്നു സ്പഷ്ടമാകുന്നുണ്ടു്. അതിലെ ചില വാചകങ്ങൾ തൎജ്ജമചെയ്തു ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

“നിങ്ങൾ വൈദികാധികാരികൾക്കു കീഴ്പ്പെട്ടു് അനുതാപയോഗ്യമായ ശിക്ഷണം സ്വീകരിക്കുവിൻ.... നാം ഓരോരുത്തരും അവനവന്റെ നിശ്ചിതമായ ഉദ്യോഗത്തിന്റെ അതിൎത്തി കടക്കാതെ ജീവിക്കണം.... ക്രിസ്തുവിന്റെ അജഗണത്തിൽ നിസ്സാരനായി ഗണിക്കപ്പെട്ടാലും സൽകീൎത്തിയുള്ളവനായിരിക്കുന്നതു് അത്യന്തബഹുമാനത്തിന്നു അർഹനായ ശേഷം മിശിഹായുടെ അശാപതിധിയിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നതിനേക്കാൾ നിങ്ങൾക്കു നല്ലതാകുന്നു...... നിരൎത്ഥകവും നിരുപയോഗവുമായ ചിന്തകളെ പരിത്യജിച്ചിട്ടു നമുക്കു പരമ്പരയാ സിദ്ധിച്ചിരിക്കുന്ന മഹോന്നതവും പൂജ്യവുമായ പ്രമാണത്തോടു നമ്മുടെ പ്രവൃത്തികളെ യോജിപ്പിക്കാം.... അവരെ (വൈദികാദ്ധ്യക്ഷന്മാരെ) സ്ഥാനഭ്രംശം ചെയ്യുന്നതു് നീതിയല്ലെന്നാണു് നമ്മുടെ മതം.... നിൎദ്ദോഷമായും പരിശുദ്ധമായും ബലികളൎപ്പിച്ചിട്ടുള്ള ആളുകളെ അവരുടെ മെത്രാസനോദ്യോഗത്തിൽനിന്നു ബഹിഷ്കരിക്കുന്നുവെങ്കിൽ അതു നമ്മിൽ ലഘുവായ പാപമായിരിക്കുന്നില്ല.... നാം ഇപ്രകാരം ചെയ്യുന്നതു് (ലേഖനത്തോടുകൂടി ദൂതന്മാരെ അയക്കുന്നതു്) നിങ്ങൾ വേഗം സമാധാനജീവിതത്തെ പ്രാപിച്ചുകാണണമെന്നു നമുക്കു സർവ്വവിധമായ ആഗ്രഹം ഉണ്ടായിട്ടുണ്ടെന്നും ഇപ്പോഴും ഉണ്ടെന്നും നിങ്ങൾ അറിയുന്നതിനായിട്ടാകുന്നു.... നാം വഴിയായി ദൈവം അരുളിച്ചെയ്യുന്ന ഈ വാക്കുകൾ ആരെങ്കിലും അനുസരിക്കാതെ പോയാൽ അവർ പ്രമാണലംഘനങ്ങളിലും, അനല്പമായ അപകടത്തിലും തങ്ങളെത്തന്നെ ഉൾപ്പെടുത്തുകയാണെന്നും, എന്നാൽ ആ പാപം നമ്മെ ബാധിക്കുന്നില്ലെന്നും അവർ അറിഞ്ഞുകൊള്ളട്ടെ.... പരിശുദ്ധാത്മാവു വഴിയായി നാം എഴുതി അയക്കുന്ന ഈ സംഗ

തികൾ നിങ്ങൾ അനുസരിക്കുമെങ്കിൽ അതു നമ്മെ ആനന്ദതുന്ദിലനാക്കും.”

ക്രിസ്തുവർഷം ൯൦-ാമാണ്ടിടയ്ക്കു റോമിലെ മെത്രാനായ വി. ക്ലെമീസ് കുറന്ത്യസഭയിലെ ക്രിസ്ത്യാനികൾക്കയച്ച മേല്പുദ്ധരിച്ച വാക്യങ്ങളും പതിനഞ്ചാം ബനദിക്തോസ് തിരുമനസ്സുകൊണ്ട് ഈയിടെ ഇന്ത്യൻ കത്തോലിക്കർക്കായി എഴുതി അയച്ചതും, ‘നസ്രാണിദീപിക’യുടെ ഈ ജനുവരി ൧൦-ാം തീയതിയിലെ ലക്കത്തിൽ പ്രസിദ്ധം ചെയ്യുതുമായ ലേഖനത്തിലെ വാക്യങ്ങളും തമ്മിൽ അധികാരസ്വരത്തിനു വല്ല വ്യത്യാസവുമുണ്ടെന്നു ആർക്കു പറയാൻ കഴിയും? പതിനഞ്ചാം ബനദിക്തോസ് തിരുമനസ്സിലെ പ്രസ്തുത ലേഖനം വായിക്കുന്ന ഭാവികാലത്തെ പുരുഷാന്തരങ്ങൾക്ക്, ഇൻഡ്യൻ കത്തോലിക്കരുടെമേൽ ആ തിരുമനസ്സിലേക്കു ആധിപത്യം ഉണ്ടായിരുന്നു എന്നുള്ളതിനു ആ ലേഖനം ഒരു മതിയായ ലക്ഷ്യമായി സ്വീകരിക്കാമെന്നാണെങ്കിൽ, വി. ക്ലെമീസിന്റെ മേൽപ്രസ്താവിക്കപ്പെട്ട ലേഖനം റോമിലെ മെത്രാൻ അപ്പസ്തോലന്മാരുടെ കാലത്തു റോമിലെ സഭയിലെ സ്ഥലാധികാരി മാത്രമല്ല, കുറന്ത്യസഭ മുതലായി അന്യദേശങ്ങളിലുള്ള എല്ലാ ക്രിസ്തീയ സഭകളുടെമേലും അധികാരമുള്ള സർവ്വാധിപതിയായിരുന്നു എന്നുള്ളതിനു ഉത്തമലക്ഷ്യമായി സ്വീകരിക്കപ്പെടേണ്ടതാണ്.

ഇങ്ങനെ മാർപ്പാപ്പായുടെ സർവ്വാധിപത്യം തെളിയിക്കുന്നതിനു നമുക്കു കിട്ടീട്ടുള്ള ഏററവും പുരാതനവും വിശ്വാസയോഗ്യവുമായ ലക്ഷ്യം വി. ക്ലെമീസിന്റെ പ്രസ്തുത ലേഖനമാകുന്നു. ‘കാതോലിക് സഭാ’മാസികപ്രവർത്തകന്മാർ പ്രസ്തുത ലേഖനത്തെ അപ്പസ്തോലിക സഭയുടെ വിശ്വാസാചാരാദികളെ നിർണ്ണയിക്കുന്നതിനു ഉത്തമസാക്ഷ്യമായി സ്വീകരിക്കുന്നതുകൊണ്ടു മാർപ്പാപ്പായുടെ സർവ്വാധിപത്യം അപ്പസ്തോലികകാലത്തു സ്വീകരിക്കപ്പെട്ടുപോന്ന ഒരു ഉപദേശമാണെന്നു സമ്മതിക്കാതെ ഗത്യന്തരമില്ലതന്നെ.

(ന. ദീപിക)

നടുവത്തുശ്ശേരിൽ യാക്കോബു കത്തനാർ.

## വി. യൌസേപ്പിൻ മരണത്തിൻ ഭക്തസഭ.

മീനമാസം നമ്മുടെ പിതാവായ വി. യൌസേപ്പിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ. ഈ പരിശുദ്ധന്റെ നേരേയുള്ള ഭക്തി വിശ്വാസികളുടെയിടയിൽ പ്രതിവർഷം വർദ്ധിച്ചുവരുന്നതു എത്രയും ആശ്വാസപ്രദംതന്നെ. പ്രസ്തുത ഭക്തിയുടെ വർദ്ധനവിലേക്കു പുതുതായി ആരംഭിക്കപ്പെട്ടിട്ടുള്ള ഒരു ഭക്തസഖ്യത്തിന്റെ നാമധേയമാണ് മേൽ പ്രസ്താവിച്ചിട്ടുള്ളതു്. അതേപ്പററി അല്പം പറയുന്നതു ഈ മാസത്തിലേക്കു അവസരോചിതമായിരിക്കുമെന്നു കരുതുന്നു.

പരിശുദ്ധ പിതാവു പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ കാലത്തു, റോമ്മായിൽ വത്തിക്കാൻ അരമനയുടെ സമീപം പണി ചെയ്യപ്പെട്ടിട്ടുള്ള വി. യൌസേപ്പുപിതാവിൻ ദേവാലയത്തിലാണ് ഈ സഭ ആദ്യമായി സ്ഥാപിക്കപ്പെട്ടതു്. പ്രതിദിനം മരിക്കുന്നവരെ സഹായിക്കുക എന്നുള്ളതാകുന്നു ഈ സഭയുടെ ഉദ്ദേശം. ശ്രേഷ്ഠതരമായ ഈ സ്ഥാപനോദ്ദേശ്യത്തെ സംബന്ധിച്ചു പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു 1914 ഫെബ്രുവരി 12-ാംനു-ലെ ഒരു തിരുവെഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. “ഏററം സ്തുത്യർഹമായ ഈ സ്ഥാപനത്തെ നാം എത്രയധികം മതിക്കുന്നു എന്നു പ്രസിദ്ധമാക്കുന്നതിനായി ഈ സഭാംഗങ്ങളുടെ കൂട്ടത്തിൽ ആദ്യമായി നമ്മുടെ പേരുതന്നേ എഴുതുന്നതിന്നു നാം ആഗ്രഹിക്കുകയും, നമ്മുടെ പ്രിയമുള്ള സഹോദരരായ എല്ലാ വൈദികരോടും ദിനംപ്രതിയുള്ള ദിവ്യപൂജയിൽ മരണാവസ്ഥയിൽ ഉൾപ്പെട്ടിരിക്കുന്നവരെ ഓർക്കണമെന്നു നാം ഉപദേശിക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ വിശ്വാസി

കളും പ്രത്യേകം ഇരുവൎഗ്ഗക്കാരായ സന്ന്യാസസഭാംഗങ്ങളും മരിക്കുന്നവൎക്കുവേണ്ടി ദൈവത്തിനും വി. യൌസേപ്പിനും പ്രത്യേകമായ പ്രാൎത്ഥനകളെ സമൎപ്പിക്കുന്ന മുറ സ്വീകരിക്കണമെന്നു നാം ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ രക്ഷയുടെ തുറമുഖത്തു എത്തിയിരിക്കുന്നവരായ മരിച്ചവൎക്കു വേണ്ടി പ്രാൎത്ഥിക്കുന്നതു വിശുദ്ധവും ഗുണകരവുമായ ഒരു ചിന്തയാണെങ്കിൽ, അതിനേക്കാൾ യോഗ്യത കുറഞ്ഞ ഒന്നല്ല, നിത്യത്വം ആശ്രയിച്ചിരിക്കുന്ന ഏററവും അപൽക്കരമായ മരണഘട്ടത്തിൽ എത്തിയിരിക്കുന്ന നിൎഭാഗ്യരായ ആളുകൾക്കുവേണ്ടി ദൈവസഹായം പ്രാൎത്ഥിക്കുന്നതു്." ഈ ചുരുങ്ങിയ കാലത്തിന്നുകൊണ്ടു സഭാംഗങ്ങളുടെ സംഖ്യ 20 ലക്ഷത്തിൽ പരമായി വൎദ്ധിച്ചിട്ടുണ്ടു്. ഒന്നുരണ്ടു കൊല്ലങ്ങൾക്കു മുമ്പു 32 കൎദ്ദിനാളന്മാരും 320 മെത്രാന്മാരും 35000 പട്ടക്കാരും കന്യാസ്ത്രീകളും ഇതിൽ ചേൎന്നിട്ടുള്ളതായി കണക്കാക്കപ്പെട്ടിരുന്നു. പരിശുദ്ധപിതാവു 15-ാം ബനഡിക്തോസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈ സഭാശ്രേഷ്ഠനു ഇങ്ങനെ എഴുതിയിരുന്നു. "വി. യൌസേപ്പുപിതാവിൻ മരണസഖ്യതയുടെ വരങ്ങൾക്കു നമ്മേയും ഓഹരിക്കാരനാക്കുന്നതിൽ നിങ്ങൾ കാണിച്ചിരിക്കുന്ന ഔദാൎയ്യത്തെപ്പററി നാം വളരെ ഉപകാരം പറയുന്നു. മരിക്കുന്നവൎക്കു വേണ്ടിയുള്ള ആത്മീയസുഖം നല്ല ഫലങ്ങളുണ്ടാക്കുന്നതിനു ശക്തിയുള്ളതായിത്തീരുമെന്നു നാം പരമാൎത്ഥമായി ആശംസിക്കുന്നു"



റോമായിലെ പ്രധാന സഭയിലോ നിയമപ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു ശാഖയിലോ ചേൎന്നാൽ മതിയാകുന്നതാണു്. "ഈശോമിശിഹായുടെ വളൎത്തുപിതാവും കന്യക മറിയത്തിൻ്റെ സാക്ഷാൽ ഭൎത്താവുമായ വി. യൌസേപ്പേ! ഞങ്ങൾക്കും ഇന്നേദിവസം (ഈ രാത്രി) മരണവേദനയിൽ ഉൾപ്പെട്ടിരിക്കുന്നവൎക്കും വേണ്ടി പ്രാൎത്ഥിക്കണമെ" എന്നു പ്രതിദിനം കാലത്തും വൈകിട്ടും ചൊല്ലിക്കൊണ്ടു വരണമെന്നുള്ളതുമാത്രമാണു ഇതിൻ്റെ ഒരു പ്രധാന ചുമതല. ഇതിനും പുറമെ പട്ടക്കാർ കുൎബാനയിലും, വിശ്വാസികൾ ദിവ്യകാരുണ്യമുൾക്കൊണ്ട ശേഷവും മരണാവസ്ഥയിൽ കിടക്കുന്നവൎക്കു വേണ്ടി പ്രാൎത്ഥിക്കണമെന്നു ഉപദേശിക്കപ്പെട്ടിരിക്കുന്നു. കൂടാതെ വി. യൌസേപ്പുപിതാവിൻ്റെ നേരെ പ്രത്യേക ഭക്തിയുള്ളവരാകുവാൻ സഭാംഗങ്ങൾ ശ്രമിക്കണം. ഇതിലേക്കു ബുധനാഴ്ച തോറും യൌ: പിതാവിൻ്റെ ഏഴു വ്യാകുലസന്തോഷങ്ങളെക്കുറിച്ചുള്ള ജപം ചൊല്ലുവുന്നതു, അതിനു 300 ദിവസത്തെ ദ. വി. അവൎക്കു കല്പിക്കപ്പെട്ടിട്ടുള്ളതുമാണു്. പൂൎണ്ണവും അപൂൎണ്ണവുമായ നിരവധി ദണ്ഡവിമോചനങ്ങൾ സഭാംഗങ്ങൾക്കനൽകപ്പെട്ടിട്ടുണ്ടു്. ഇതിനുംപുറമേ പ്രതിദിനം വി. യൌസേപ്പിൻ മരണദേവാലയത്തിൽ അൎപ്പിക്കപ്പെടുന്ന ദിവ്യപൂജയുടെ ഫലവും അവൎക്കു പ്രാപിക്കാവുന്നതാണു്. വിശേഷിച്ചു ഈ സഭയോടു സംഘടിപ്പിക്കപ്പെട്ടിട്ടുള്ള മിക്കവാറും എല്ലാസന്ന്യാസ സഭകളിലേയും പുണ്യഫലങ്ങൾക്കും ഇവർ ഓഹരിക്കാരായിരിക്കും.

ആകയാൽ എത്രയും ഉപയോഗപ്രദമായ ഈ സഭയിൽ പേരെഴുതിച്ചു്, മരണപ്രമാദത്തിൽ കിടക്കുന്ന ആളുകളെ സഹായിക്കുന്നതിനും തദ്വാരാ വി. യൌസേപ്പു പിതാവിൻ്റെ ഭക്തിയിൽ വൎദ്ധിക്കുന്നതിനും ഈ മാസത്തിൽ താല്പൎയ്യപ്പെടണമെന്നു ഓൎപ്പിച്ചുകൊള്ളുന്നു.

ഫാദർ ഹില്ലാര്യോൻ സി. ഡി.

# മാർപ്പാപ്പായുടെ രാഷ്ട്രീയാധികാരം.

കഴിഞ്ഞ മഹായുദ്ധത്തിന്റെ പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള പ്രേരകശക്തികൾ കൊണ്ടു ലോകത്തിലെ പല സ്ഥാപനങ്ങൾക്കും സംഘടനകൾക്കും സാരമായ സ്ഥിതിഗതിഭേദം വന്നിട്ടുണ്ടല്ലൊ. ഇക്കൂട്ടത്തിൽ കത്തോലിക്കാസഭയുടെ കേന്ദ്രസ്ഥാനമായ പരിശുദ്ധസിംഹാസനത്തിനും ഒരു പ്രത്യേക വിഷയത്തിൽ പറയത്തക്കതായ അന്തരം സംഭവിച്ചിട്ടുണ്ട്. ഇതു റോമ്മാത്തിരുസിംഹാസനത്തിനു ലോകത്തിലെ വിവിധ രാജ്യങ്ങളോടും ഐഹിക ഭരണാധികാരികളോടും ഉണ്ടായിരുന്ന ബന്ധത്തിനു കൂട്ടലായ ദൈർഘ്യവും വൈപുല്യവും സംജാതമായിരിക്കുന്നു എന്നുള്ളതാണ്. യുദ്ധമാരംഭിച്ചതിൽപിന്നെ പല മഹാശക്തികളും ചെറുരാജ്യങ്ങളും പരിശുദ്ധസിംഹാസനത്തോടു പുതിയതായി സഖ്യമുറപ്പിക്കയോ അതിനോടുള്ള പൂർവ്വബന്ധത്തെ നവീകരിക്കയോ ചെയ്യുകയും അതതു ഗവർമ്മെണ്ടു പ്രതിപുരുഷന്മാരെ വത്തിക്കാനിലേക്കു നിയോഗിച്ചയക്കയും ചെയ്യുകയുണ്ടായി. നാലു ശതവർഷകാലമായിട്ട്, റോമ്മായുമായി സർവ്വവിധത്തിലും വേർപിരിഞ്ഞ പരിശുദ്ധ സിംഹാസനത്തെ പരിഹാസപൂർവ്വം കരുതിപ്പോന്നിരുന്ന ബ്രിട്ടീഷ് ജനതയും ഇപ്പോൾ അവരുടെ ഗവർമ്മെണ്ടു പ്രതിനിധിയെ വത്തിക്കാൻ കൊട്ടാരത്തിൽ പുനഃപ്രതിഷ്ഠ ചെയ്തു സ്നേഹബന്ധത്തെ ഉറപ്പിച്ചുകഴിഞ്ഞിരിക്കുന്നു. റോമ്മാസിംഹാസനത്തെ അപഹരണാക്രമം ചെയ്തു ഭരിച്ചുനിൽക്കുന്ന ഇററലി ഗവർമ്മെണ്ടിനും ഏതദ്വിഷയത്തിൽ അല്പമൊരു ചാഞ്ചല്യം കണ്ടുതുടങ്ങിയിരിക്കുന്നതായി കേൾക്കുന്നു. ഇതെല്ലാത്തിനുംപുറമേ മഹത്തരമായ ഒരു വിശേഷമാണ് "സർവ്വരാജ്യസഖ്യ"ത്തിൽ മാർപ്പാപ്പായ്ക്കു ഒരു പ്രധാന സ്ഥാനം നൽകണമെന്നുള്ള അഭിപ്രായം. സർവ്വോപരി ഒരു ധാർമ്മികശക്തിയിന്മേൽ അടിസ്ഥാനപ്പെടുത്തുകയും ആശക്തിമുഖേന നിയന്ത്രിക്കയും ചെയ്യുന്നെങ്കിലേ സർവ്വരാജ്യസഖ്യം യഥാർത്ഥത്തിൽ ഫലപ്രസൂവായി, വിജയകരമായി, ഭവിക്കയുള്ളു; അല്ലാത്തപക്ഷം അതൊരു തസ്കരസംഘമായി പരിണമിക്കുമെന്നാണല്ലൊ ഒരു സാമാന്യധീമാൻ പ്രവചിച്ചിരിക്കുന്നതു്. ഇപ്രകാരം രാജ്യസംബന്ധമായ കാര്യങ്ങളിൽ മാർപ്പാപ്പായുടെ അധികാരബന്ധങ്ങൾ പുനർജ്ജീവിച്ചു വർദ്ധമാനമായ ഗതിഭേദത്തെ ലക്ഷീകരിക്കുന്ന ഈ ഘട്ടത്തിൽ, മാർപ്പാപ്പായ്ക്കു പൂർവ്വകാലത്തുണ്ടായിരുന്ന രാഷ്ട്രീയാധികാരത്തെപ്പററി അല്പം പ്രസ്താവിക്കുന്നതു അനുചിതമായിരിക്കയില്ലെന്നു കരുതുന്നു.

പതിനാറാം നൂററാണ്ടുവരെ മാർപ്പാപ്പാനിക്കു യൂറോപ്പിൽ രാജ്യസംബന്ധമായി അനിതരസിദ്ധമായ ഒരധികാരസ്ഥാനമുണ്ടായിരുന്നു. മദ്ധ്യശതാബ്ദങ്ങൾ എന്നു പറയപ്പെടുന്ന പ്രസ്തുത കാലാവധിയിൽ യൂറോപ്പിന്റെ സ്ഥിതി പ്രശംസാവഹമാംവണ്ണം വ്യത്യസ്തമായിരുന്നു. അന്നു ആ ക്രിസ്തീയമണ്ഡലം ഏക കുടുംബമെന്നപോലെ സംയോജ്യതയോടു കൂടിയിരുന്നു; രാജ്യവ്യത്യാസങ്ങളും ജാത്യന്തരങ്ങളും കൊണ്ടു വിഭിന്നരാകാതെ ജനങ്ങൾ രമ്യമായി കഴിഞ്ഞു. അവരുടെ ഭരണത്തിനു രണ്ടു ഭരണാധികാരികളേ ഉണ്ടായിരുന്നുള്ളു. ഐഹികകാര്യഭരണത്തിനു (റോമൻ) ചക്രവർത്തിയും ആദ്ധ്യാത്മിക ഭരണത്തിനു മാർപ്പാപ്പായുമായിരുന്നു. ആദ്ധ്യാത്മഭരണകർത്താവിനെ ഐഹികഭരണകർത്താവിനെക്കാൾ ഉപരിസ്ഥനായി ജനങ്ങൾ കരുതി; എന്തുകൊണ്ടെന്നാൽ ആത്മം ശരീരത്തെക്കാൾ മഹത്തരമാണെന്ന് അവർ വിശ്വസിച്ചു. അതിനാൽ അന്നു രാഷ്ട്രീയകാര്യങ്ങളിലും മാർപ്പാപ്പായുടെ പരമാധികാരത്തെ ജനങ്ങളും രാജാക്കന്മാരും സാമാന്യമായി സമ്മതിച്ചാദരിച്ചുപോന്നു. എന്നാൽ പതിനാറാം നൂററാണ്ടിനു ശേഷമുള്ള നാലു ശതാബ്ദങ്ങളിലെ ചരിത്രം തീരെ വ്യത്യാസപ്പെട്ടതാണ്. ഇക്കാലത്താകട്ടെ യൂറോപ്പു പല സ്വതന്ത്രജാതികളായി വേർതിരിഞ്ഞിരിക്കുന്നു; അങ്ങോട്ടുമിങ്ങോട്ടും വെറും അന്യരേപ്പോലെയും പുറജാതികളെപ്പോലെ

യുംകരുതിവർത്തിക്കുന്നു. പതിനാറാംനൂറാണ്ടിലെ മതനവീകരണത്തോടുകൂടി ആരംഭിച്ച ഈ ജാതീയ വേർതിരിവിന്റെ ഫലം അടുത്തകാലത്തറിയാനിടയായിട്ടുണ്ട്. ഇപ്പോൾ പരസ്പരജാതീയ നിയമമെന്നു് ഒന്നുണ്ടെങ്കിലും അതിനെ ആരുംതന്നെ വിലവെക്കുന്നില്ല. യുദ്ധാനന്തരം സർവ്വരാജ്യസഖ്യമെന്ന അഭിധാനത്തോടുകൂടി ഒരു സംഘടനയേർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ പ്രബലമായി ഉണ്ടായിട്ടുണ്ട്. സർവ്വരാജ്യങ്ങളേയും ഒരു ശൃംഖലയാലെന്നപോലെ യോജിപ്പിച്ച്, ലോകത്തിൽ സമാധാനത്തെ പാലിച്ചു പരിഷ്കാരൈശ്വര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള പ്രസ്തുത സഖ്യോദ്ദേശത്തിൽനിന്നു അധികം വ്യത്യാസപ്പെട്ടതല്ലായിരുന്നു മാർപ്പാപ്പാമാർ മദ്ധ്യശതകങ്ങളിൽ യൂറോപ്പിലെ ജനസമുദായത്തിനു വേണ്ടി നിർവ്വഹിച്ചതു്.

(തുടരും)

കെ. സി. വർക്കി ബി. എ.

## കത്തോലിക്കാസഭയുടെ മനോഹരത്വം.

പതിനാറാം നൂററാണ്ടിൽ ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി എട്ടാമൻ ഒരു പ്രണയ കലഹം മൂലം മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിക്കുകയും അതുവരെ ഒരു കത്തോലിക്കാ രാജ്യമായിരുന്ന ഇംഗ്ലണ്ടിനെ ഒരു പ്രോട്ടസ്റ്റാണ്ടു രാജ്യമാക്കിത്തീർക്കുകയും ചെയ്തതു മുതൽ പത്തൊൻപതാം നൂററാണ്ടിന്റെ അവസാന ഘട്ടം വരെ ഇംഗ്ലീഷ് ജാതിക്ക് കത്തോലിക്കാസഭയോടും അതിന്റെ ആചാരങ്ങളോടും അതികഠിനമായ വെറുപ്പും ദ്വേഷവും ഉണ്ടായിരുന്നു. എന്നാൽ പത്തൊമ്പതാം നൂററാണ്ടിൽ ആംഗ്ലിക്കൻ സഭയുടെ തൂണുകളായി ഗണിക്കപ്പെട്ടിരുന്ന മഹാന്മാരായ ന്യൂമാൻ, മാനിങ്ങ്, മുതലായവർ കത്തോലിക്കാസഭയിലേക്ക് ചേർന്നതിനോടുകൂടി സഭയെപ്പററി ശത്രുക്കളുടെ ഇടയിലുണ്ടായിരുന്ന തെററിദ്ധാരണയും ദ്വേഷവും ക്രമേണ നീങ്ങിക്കൊണ്ടാണിരിക്കുന്നതു്. ലോക മഹായുദ്ധത്തിന്റെ കാലങ്ങളിലും യുദ്ധാനന്തര ദശയിലും കത്തോലിക്കാസഭയെപ്പററി ഇതരന്മാർക്ക് ഇതിനു് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം ബഹുമാനവും ആദരവും ഉണ്ടായിട്ടുണ്ടു്. കത്തോലിക്കാസഭയുടെ നേരെ സ്നേഹവും ബഹുമാനവും ഉണ്ടാകേണ്ടുന്നതിന്നു് ആ സഭയെ ശരിയായി അറിഞ്ഞാൽ മാത്രം മതിയാകും. ഏകദേശം നാനൂറു് സംവത്സരകാലമായി പ്രോട്ടസ്റ്റാണ്ടു മതക്കാർ കത്തോലിക്കാ സഭക്കു് വിരുദ്ധമായി പ്രചരിപ്പിച്ച വ്യാജപ്രസ്താവനകളേയും തെററിദ്ധാരണകളേയും എടുത്തു നീക്കിക്കളഞ്ഞാൽ ക്രിസ്തുവിന്റെ പത്നിയായ സഭയുടെ സ്വർഗ്ഗീയ പ്രതാപവും തേജസ്സും അതിനെ ആലോകനം ചെയ്യുന്നവരുടെ ദൃഷ്ടിപഥത്തിൽ എത്തുപെടാതിരിക്കയില്ലാ. രാജ്യകാര്യസംബന്ധമായും സാമുദായികമായും ജാതീയമായും ഉള്ള നാനാവിധവൈപരീത്യങ്ങളോടു കൂടിയ ജനങ്ങളുടെ ഇടയിൽ ഈ സഭ മാത്രം ഏററം വിസ്മയനീയമായ ഐക്യത്തെ പാലിച്ചുകൊണ്ടിരിക്കുന്നു. അപ്പസ്തോലന്മാരുടെ കാലത്തു പ്രസംഗിക്കപ്പെട്ട സത്യങ്ങൾ മുഴുവനും യാതൊരു വ്യതിചലനവും കൂടാതെ ഈ സഭയിൽ അദ്യാപി പ്രസംഗിക്കപ്പെടുന്നതും, അപ്പസ്തോലന്മാരാൽ ഏർപ്പെടുത്തപ്പെട്ട ഭരണക്രമം ഈ സഭയിൽ മാത്രം തുടർച്ചയായി നിലനിന്നുകൊണ്ടിരിക്കുന്നതും ഇതിന്നു് അത്യന്തം ശ്രേയസ്കരവും അഭിമാനകരവും ആയിട്ടുള്ളകാര്യങ്ങളത്രെ. ലോകം മുഴുവനിലും ഈ സഭക്കു് സിദ്ധിച്ചിരിക്കുന്ന പ്രചാരം ഇതിനു് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം അവളുടെ അഭ്യുദയത്തേയും ശ്രേയസ്സിനേയും ദ്വിഗുണീഭവിപ്പിക്കുന്നു. പാപത്തെ എല്ലായ്പോഴും ദ്വേഷിക്കയും പാപത്തിന്നു് പ്രത്യൌഷധമായ വരപ്രസാദമാർഗ്ഗങ്ങളെ (വിശുദ്ധ കൂദാശകളെ) അവളുടെ മക്കളുടെ വിശുദ്ധീകരണത്തിന്നായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിനാൽ അവ

ളുടെ പരിശുദ്ധത എല്ലായ്പ്പോഴും ശോഭായമാനമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധ ജീവിതത്തെ നയിക്കുന്നതിന്ന് പ്രോത്സാഹകമായി അത്യന്തം ചേതോഹരമായ ഒരു ആരാധനക്രമത്തേയാണ് അവൾ ഏൎപ്പെടുത്തിയിരിക്കുന്നതു്. അവളുടെ സഭകളും സഖ്യതകളും (Confraternities) ധ്യാനവും, നമസ്കാരങ്ങളും, തപസ്സും, തീർത്ഥയാത്രകളും എല്ലാം സുകൃത ജീവിതത്തിനുള്ള വിവിധതരങ്ങളായ പ്രോത്സാഹന- മാൎഗ്ഗങ്ങളാണെന്നുള്ളതിനെക്കുറിച്ച് ആരാണ് സംശയിക്കുക? അവളുടെ അനേകായിരങ്ങളായ സന്യാസാശ്രമങ്ങളും കന്യകാമഠങ്ങളും ഭക്തിസൂചകമായ എല്ലാ സംഘങ്ങളും ഇതര മതസ്ഥന്മാരുടെ അനുകരണത്തിന്ന് വിഷയമായിത്തീൎന്നിരിക്കയാണെല്ലൊ. രോഗികളേയും ദരിദ്രന്മാരേയും അനാഥന്മാരെയും സഹായിക്കുന്നതിലും "പാവപ്പെട്ടവൎക്ക് സുവിശേഷം അറിയിക്കുന്നതിലും" കത്തോലിക്കാസഭ എല്ലാകാലങ്ങളിലും അന്യാദൃശമായ ഉൽകണ്ഠയും മതതീക്ഷ്ണതയും പ്രദൎശിപ്പിച്ചുകൊണ്ടിരിക്കുന്നു. ആരംഭം മുതൽ ഈ സഭാമാതാവിന്റെ മടിയിൽ വളൎന്ന് വന്നിട്ടുള്ള അനേകായിരം വിശുദ്ധന്മാർ ഈ സഭയുടെ അനിതരസാധാരണമായ മാഹാത്മ്യത്തെ ലോകം മുഴുവനിലും വിളിച്ചറിയിച്ചു കൊണ്ടിരിക്കുന്നു. ഈ സഭയിൽ ഉണ്ടായിട്ടുള്ള നൂററി എൺപതു ലക്ഷത്തോളം വേദസാക്ഷികളും അനേക ലക്ഷം കന്യാസ്ത്രികളും, സന്യാസികളും, തപോധനന്മാരും അനേകം വിശുദ്ധ പിതാക്കന്മാരും തത്വബോധകന്മാരും എന്നു വേണ്ട കണക്കില്ലാത്ത വിശുദ്ധന്മാരുടെയും വിശുദ്ധകളുടെയും എണ്ണം ഇതിന്ന് അത്യന്തം ശോഭനമായ ഒരു ഭൂഷണമാണെന്ന് സമൎത്ഥിക്കുന്നതിൽ എന്തതിശയോക്തിയാണുള്ളതു്. വി. അഗുസ്തീനോസ്, വി. മോനിക്കാ, വി. സൈമൺസ്റ്റിലററസ്, വി. അപ്രേം, വി. തോമ്മസ് അക്വിനൻ, വി. ആൽബെൎട്ട്, വി. ത്രേസ്യാ, വി. ഫ്രാൻസിസ്, വി. ഇഗ്നേഷ്യസ്, വി. അന്തോനീസ്, മുതലായവരെപ്പോലെയുള്ള വിശുദ്ധന്മാൎക്കും വിശുദ്ധകൾക്കും കത്തോലിക്കാസഭയിലല്ലാതെ വേറെ ഒരു സഭയിലും പ്രത്യക്ഷരാവുന്നതിന്ന് സാധിക്കുകയില്ലാ എന്നതു് നിശ്ചയം തന്നെ.

സഭയേപ്പററി അന്യമതസ്ഥന്മാൎക്ക് കൂടുതൽ ജ്ഞാനം ഉണ്ടാകുംതോറും അവരുടെ തെററിദ്ധാരണകൾ നീങ്ങിപ്പോകയും സഭയുടെ യഥാൎത്ഥമായ മാഹാത്മ്യത്തെ അവർ ഗ്രഹിക്കയും ചെയ്യുന്നുണ്ടെന്നുള്ളതു് ആശ്വാസജനകം തന്നെ ഒരു പ്രോട്ടസ്റ്റാണ്ടു കാരനായ ഡോക്ടർ ഓർച്ചാർഡ് ഇയ്യിടെ പ്രസിദ്ധപ്പെടുത്തിയ ഒരു കൃതിയിൽ കത്തോലിക്കാസഭയെപ്പററി പ്രസ്താവിച്ചിരിക്കുന്ന ചില ഭാഗങ്ങൾ ഇവിടെ എടുത്തു ഉദ്ധരിക്കാമെന്ന് വിചാരിക്കുന്നു. "കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷന്മാരുടെ വംശാവലി വി. പത്രോസുവരെ എത്തുപെടുന്നുവെന്നുള്ള വാദം സ്വീകാൎയ്യമായിരുന്നാലും അല്ലെങ്കിലും ശരി, അവൾക്ക് വളരെ പ്രാചീനത്വമുണ്ടെന്നു മാത്രമല്ല, നമുക്ക് മതസംബന്ധമായ സ്വാതന്ത്ര്യം പ്രാപിച്ചുതരുന്നതിന്നായിട്ട് അനേക സംവത്സരക്കാലത്തേക്ക് സ്വന്ത രക്തം നദികൾപോലെ ചൊരിഞ്ഞ പ്രാചീനസഭ കത്തോലിക്കാസഭയാണെന്ന് എവരും സംവദിച്ചേ കഴിയൂ. വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യങ്ങളുടെ നേരെ ആ സഭ എല്ലായ്പോഴും വിസ്മയനീയമായ വിശ്വസ്തതയെ പ്രദൎശിപ്പിച്ചിട്ടുണ്ട്. അവൾ വിശ്വാസത്തെ നിഷേധിക്കയോ വിശ്വാസസത്യങ്ങളെ മറവുള്ളവരുടെ ഇച്ഛാനുസരണം ഭേദപ്പെടുത്തുകയൊ ചെയ്തിട്ടില്ല. അവളുടെ ആരാധനക്രമത്തിൽ വിശുദ്ധരഹസ്യങ്ങളെ എല്ലാം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. മാററങ്ങൾക്കധീനമായിരിക്കുന്ന അനേകം ശതവത്സരങ്ങളുടെ ഇടയിൽ യാതൊരു മാററവും കൂടാതെ ലോകം മുഴുവനിലുള്ള അസംഖ്യം ബലിപീഠങ്ങളിൽ ഗാഗുൽത്തായിലെ വിശുദ്ധബലിയെ അനുസ്യൂതമായി അവൾ അൎപ്പിച്ചുകൊണ്ടിരിക്കുന്നു. കുർബാന എന്ന ബലിയിൽ യാതൊരു വിശ്വാസവും ഇല്ലാത്തവൻ ഒരു പാവപ്പെട്ട ക്രിസ്ത്യാനിയത്രെ. അഗുസ്തീനോസ്, ഫ്രാൻസിസ്, കാതറൈൻ മുതലായവരേപ്പോലെയുള്ള വിശുദ്ധന്മാരെ ജനിപ്പിച്ചു വളൎത്തിയിട്ടുള്ള സഭ, അതാകുന്നു. ദൈവൈക്യശാസ്ത്ര

(Mystic Theology) വിശാരദന്മാരായ ജൂലിയാനാ, തോമ്മസ് ആക്കെമ്പിസ്, വി. കുരിശിൻെറ യോഹന്നാൻ, വി. ത്രേസ്യാ മുതലായവർ ആ സഭയുടെ അംഗങ്ങളായിരുന്നു. ഡാൻടി, ന്യൂമാൻ, പാസ്കൽ മുതലായ മഹാന്മാരുടെ ആദ്ധ്യാത്മിക ഭവനം അതായിരുന്നു. ഏതാദൃശമായ ഒരു സഭയിൽ ഒരു ക്രിസ്ത്യാനിക്ക് അവകാശം ഉണ്ടായിരിക്കുക എന്നതു് എത്രയോ സ്പൃഹണീയമായ കാര്യമാകുന്നു. ആ സഭയുടെ ആചാരങ്ങളും ആരാധനക്രമങ്ങളും മാററത്തിന്നു് അധീനങ്ങളല്ലാ. അതു് ഭക്തജീവിതത്തേയും സാന്മാർഗ്ഗികനിഷ്ഠയേയും അത്ര നിഷ്കൃഷ്ടയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അതു് ക്രിസ്തുവിൻെറ രൂപത്തിന്നു് ചുററും അസംഖ്യം വിശുദ്ധന്മാരെ നിറുത്തിയിരിക്കുന്നുവെന്നുവരികിലും ക്രൂശിതനായ യേശുക്രിസ്തു മാത്രമാകുന്നു ആ മതത്തിന്നു് അടിസ്ഥാനവും കേന്ദ്രവും ആയി പരിലസിക്കുന്നതു്. യേശുക്രിസ്തുവിനെ ആരാധിക്കേണ്ടതാണെന്നുള്ളതിനെക്കുറിച്ചു് അതു് ഒരിക്കലും സംശയിച്ചിട്ടില്ലാ. വേദശാസ്ത്രസംബന്ധമായിട്ടുള്ള അതിൻെറ നടപടി അതിനിഷ്കൃഷ്ടമായിട്ടുള്ളതാകുന്നു. ഒരിക്കലും തെററിപ്പോകയില്ലാ എന്നുള്ള വാദം സ്വീകരിക്കുക ശ്രമകരമാണെന്നു് വരികിലും സാധാരണ മനുഷ്യർക്കായി അതു് അതിവിപുലമായ ഒരു ഹൃദയത്തെ തുറന്നുകൊടുത്തിരിക്കുന്നുവെന്നും പാവപ്പെട്ടവരുടെ നേരെ കരുണയും സ്നേഹവും പ്രദർശിപ്പിക്കുന്ന ഏക സഭ ഇതാണെന്നും സംവദിച്ചു പറയാതിരിപ്പാൻ നിവൃത്തിയില്ലും."

സഭയുടെ പ്രതിയോഗികളായ വിമർശകന്മാർ അവൾ യഥാർത്ഥത്തിൽ ആയിരിക്കുന്നപോലെ അവളെ കാണുകയും അവരുടെ മനസ്സിൽ വേരുറച്ചിരിക്കുന്ന പൂർവ്വദോഷത്തേയും തെററിധാരണകളെയും എടുത്തു മാററിക്കളകയും ചെയ്യുന്നതായാൽ സഭ എത്രയൊ മനോഹരമായ ഒരു സ്ഥാപനമാണെന്നും ക്രിസ്തുവിൻെറ മണവാട്ടിയായി ഇതല്ലാതെ താൻ വേറൊരു സഭ സ്ഥാപിച്ചിട്ടില്ലെന്നും അവർക്കു് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. അവർ സഭയിൽ മാനുഷികവും കടന്നുപോകുന്നവയും ആയ കാര്യങ്ങളെ നിത്യവും ദിവ്യവും ആയ സംഗതികളിൽ നിന്നു് വേർതിരിക്കാൻ പഠിച്ചിട്ടുണ്ടായിരുന്നാൽ സഭയുടെ അനിതരസാധാരണമായ മാഹാത്മ്യത്തേയും വൈശിഷ്ട്യത്തേയും കുറിച്ചു് വിസ്മയിക്കാതിരിക്കയില്ലാ. ഇപ്രകാരം, ക്രിസ്ത്യാനികൾ എന്ന നാമത്താൽ വിളിക്കപ്പെട്ടുന്നവരെല്ലാവരും കത്തോലിക്കാസഭയെ ശരിയായി അറിയുന്നതിന്നു് ഇടയാകുന്ന പക്ഷം തന്നിൽ വിശ്വസിക്കുന്നവരെല്ലാം ഏകമായി തീരണമെന്നുള്ള ദിവ്യരക്ഷകൻെറ പ്രാർത്ഥന എളുപ്പത്തിൽ പൂർത്തിയാകുന്നതിന്നു് സംഗതിയാകും. നല്ല ഇടയനായ ദിവ്യരക്ഷകൻ ചിതറിക്കിടക്കുന്ന ആടുകളെല്ലാം തൻെറ യഥാർത്ഥമായ തൊഴുത്തിൽ വന്നുചേരുന്നതിനെ കാണുകയാണെങ്കിൽ അതു് അവിടുത്തേക്കു് എത്രയൊ വലിയ സന്തോഷത്തിന്നു് ഹേതുവായിരിക്കും എന്നു് പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ.

ഫാദർ തോമ്മസ് മണ്ണഞ്ചേരി.

## കേരളത്തിലെ കൃസ്തീയരാജാവു്.

കേരളത്തിൽ പോർട്ടുഗീസ്കാരുടെ ആഗമനത്തിനു മുമ്പ് ഒരു കൃസ്തീയ രാജ്യവും രാജാവും ഉണ്ടായിരുന്നു. അതിലേക്കു മൂന്നുവക ലക്ഷ്യങ്ങൾ എടുത്തുകാണിക്കാവുന്നതാണ്. ഒന്നാമത്തെ ലക്ഷ്യം നമ്മുടെ പാരമ്പര്യംതന്നെ. ഈ പാരമ്പര്യം നമ്മെ അറിയിക്കുന്നതു നമുക്കു ഒരു രാജ്യവും രാജാവും ഉണ്ടായിരുന്നു എന്നും അതു ഒടുവിൽ അന്യം നിന്നുപോയെന്നുമാണ്. രണ്ടാമത്തെ ലക്ഷ്യം പോർട്ടുഗീസ്കാർ ആദ്യം കേരളത്തിൽ വന്നപ്പോൾ അവരോടു നസ്രാണികൾ പറ

ഞ്ഞുകേൾപ്പിച്ച വൃത്താന്തങ്ങളാണ്. ഗാമ്മാ കപ്പിത്താൻ ൧൫൦൨-ൽ കൊച്ചിയിൽ എത്തി താമസിച്ചുവരുകയിൽ കൊടുങ്ങല്ലൂരിൽ നിന്നു ചില നസ്രാണികൾ ചില സമ്മാനങ്ങൾ അദ്ദേഹത്തിനു കൊണ്ടുവന്നു സമൎപ്പിച്ചു. അപ്പോൾ അവർ അദ്ദേഹത്തോടു അറിയിച്ച സംഗതികൾ താഴെ പറയുന്നവയാണ്— "ഞങ്ങൾ എല്ലാവരും നിങ്ങളുടെ വരവുകൊണ്ട് വളരെ സന്തോഷിച്ചിരിക്കുന്നു. പണ്ടു ഈ രാജ്യത്തു ഞങ്ങളുടെ വംശത്തിൽ ഒരു തമ്പുരാൻ (രാജാവു) ഉണ്ടായിരുന്നു. അവന്നു പുരാണ പെരുമാക്കന്മാർ കൊടുത്ത ചെങ്കോലും രാജ്യപത്രികയും ഇതാ നിങ്ങൾക്കു തരുന്നു. ൩൦൦൦൦ പേരോളം ഞങ്ങൾ എല്ലാവരും ഒത്തിരിക്കുന്നു. ഇനി പോൎത്തുഗാൽ രാജാവിന്നു ഞങ്ങളിൽ മേല്ക്കോയ്മ ഉണ്ടായിരിക്ക, അവന്റെ നാമം ചൊല്ലി അല്ലാതെ ഇനിയാതൊരു കുററക്കാരനെയും ഞങ്ങൾ വിധിക്കയില്ല" എന്നു പറഞ്ഞ് ആധാരവും ആ ദണ്ഡും കൊടുത്തു. അതു ചുവന്ന ൨ വെള്ളിവളകളും ഒരു വളയിൽ ൩ വെള്ളിമണികൾ ഉള്ളതും ആകുന്നു. തോമ്മാ ശ്മശാനം സിംഹളദ്വീപം മുതലായ യാത്രാസ്ഥലങ്ങളെക്കുറിച്ച് അവർ വളരെ വിശേഷങ്ങളെ അറിയിച്ചു. "ഞങ്ങളുടെ അരികിൽ ഒരു കോട്ടയെ എടുപ്പിച്ചാൽ ഹിന്തുരാജ്യം മുഴുവനും കരസ്ഥമാക്കുവാൻ സംഗതിവരും" എന്നു പറഞ്ഞു. ഗാമ്മായും വളരെ പ്രസാദിച്ചു. (കേരളപഴമ പുറം ൩൩. Mangalore ൧൮൬൮) മൂന്നാമത്തെ ലക്ഷ്യം പോൎത്തുഗീസ് ചരിത്രകാരന്മാർ ഇതു സംബന്ധിച്ച് എഴുതിയിരിക്കുന്ന പ്രസ്താവനകളാണ്.

നസ്രാണികൾ ഗാമ്മാ കപ്പിത്താനോടു പറഞ്ഞുകേൾപ്പിച്ച സംഗതികളിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്ന് ഇവിടെ നമുക്കാലോചിക്കാം. അവർ പറയുന്ന ഒന്നാമത്തെ സംഗതി തങ്ങൾക്കു ഒരു രാജാവുണ്ടായിരുന്നു എന്നും അദ്ദേഹത്തിനു ചെങ്കോലും രാജ്യപത്രികയും ലഭിച്ചതു പുരാണ പെരുമാക്കളിൽ നിന്നാണെന്നുമുള്ളതാണ്. രണ്ടാമത്തെ സംഗതി അന്നു രാജാവു തങ്ങൾക്കില്ലെന്നിരുന്നാലും അതിനടുത്ത അധികാരം അവരിൽ സ്ഥിതിചെയ്തിരുന്നെന്നും കുററക്കാരെ വിധിക്ക മുതലായ സംഗതികളിൽ ആ അധികാരം മേലിൽ പോൎത്തുഗാൽ രാജാവിന്റെ നാമത്തിൽ മാത്രമെ അവർ ഉപയോഗിക്കയുള്ളു എന്നുമാണ്. മൂന്നാമത്തെ സംഗതി, തോമ്മാ ശ്ലീഹായുടെ തിരുശരീരം നിക്ഷേപിക്കപ്പെട്ടിരുന്ന മൈലാപ്പൂരിനെ സംബന്ധിച്ചു പറഞ്ഞു കേൾപ്പിച്ചു എന്നുള്ളതാണ്. ഈ മൂന്നു സംഗതികളിൽ ഒന്നാമത്തേതു അറിയിക്കുന്നതു ക്രിസ്ത്യരാജ്യം സ്ഥാപിതമായതു പുരാണപെരുമാക്കൾ മൂലമാണെന്നും, രണ്ടാമത്തെ സംഗതി പ്രസ്താവിക്കുന്നതു ആരാജ്യം നിന്നുപോയെന്നിരുന്നാലും അടുത്തകാലം വരെ എന്നു വെച്ചാൽ പോൎത്തുഗീസുകാരുടെ ആഗമനത്തോടു തുലോം സമീപിച്ച കാലം വരെ അതു നിലനിന്നിരുന്നെന്നും, തന്മൂലമാണു തങ്ങളുടെ രാജാവിന്റെ സ്ഥാനത്തു പോൎത്തുഗാൽ രാജാവിനെ നസ്രാണികൾ ഗണിച്ചു അദ്ദേഹത്തിന്റെ നാമത്തിൽ മാത്രമേ കുററക്കാരെ വിധിക്കയൊള്ളു എന്നു ഗാമയോടു പ്രസ്താവിച്ചതു എന്നുമാണെല്ലൊ. ആകയാൽ ഈ രണ്ടു സംഗതികളെ സംബന്ധിച്ചു പ്രത്യേകം ചില കാൎയ്യങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതു സന്ദൎഭോചിതമെന്നു കരുതുന്നു.

പെരുമാക്കളുടെ രാജവാഴ്ചക്കാലത്താണു നസ്രാണി രാജ്യത്തിന്റെ ഉല്പത്തി ഉണ്ടായതെന്നു നാം കാണുന്നതിനാൽ ആ രാജവാഴ്ച ഏതു കാലത്തിലാണു കേരളത്തിൽ അവസാനിച്ചതെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. കൊല്ലവൎഷം സ്ഥാപിച്ചതു തിരുവിതാംകൂർ അഥവാ വേണാട്ടു രാജാവായിരുന്ന ഉദയമാൎത്താണ്ഡവൎമ്മയായിരുന്നു. അദ്ദേഹം കേരളീയ വിദ്വജ്ജനങ്ങളുടെ ആലോചനാസമേതം സൂൎയ്യഗതികണക്കാക്കി ചിങ്ങമാസംമുതൽ ഒരു നവീന വൎഷപരമ്പര നിശ്ചയിക്കയും അതിനു കൊല്ലവൎഷമെന്നു പേർകൊടുക്കയും ചെയ്തു. ഇതു ക്രിസ്തുവൎഷം ൮൨൫-ൽ ആണു. അക്കാലത്തു രാമവൎമ്മ കുലശേഖരൻ എന്നൊരു രാജാവ്, മഹോദേവർ പട്ടണത്തിൽ രാജ്യഭാരം ചെയ്തുവന്നിരുന്നു.

ഒൻപതാം ശതവൎഷത്തിൽ പെരുമാക്കളുടെ രാജവാഴ്ച നിന്നുപോയിരുന്നതിനാലും അക്കാലത്തു കേരളത്തിൽ പലരാജാക്കൾ രാജ്യഭാരം ചെയ്തുവന്നിരുന്നതുകൊണ്ടുമാണു വേണാട്ടുരാജാവായിരുന്ന ഉദയമാൎത്താണ്ഡവൎമ്മ, പല വിദ്വാന്മാരോടാലോചിച്ചു കൊല്ലവൎഷം ഏൎപ്പെടുത്തിയതു. ആകയാൽ നസ്രാണരാജ്യം സ്ഥാപിതമായതു ഈ കാലത്തിനു മുമ്പാണെന്നു അനുമാനിക്കുന്നതു അബദ്ധമായി വരുന്നതല്ലല്ലൊ. എട്ടാം നൂററാണ്ടിന്റെ അവസാനത്തിലൊ ഒൻപതാം ശതവൎഷത്തിന്റെ ആരംഭത്തിലൊ മാത്തുള എന്നൊരു രാജാവു നസ്രാണികൾക്കു ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്. ൧൲൧൱ ജനുവരി ൧൮-ാംനു-യിലെ ന. ദീപികയിൽ ഈ രാജാവിനെപ്പററി ഒരുലേഖകൻ എഴുതിയിരുന്നതിനെ കണ്ടപ്പോൾ ആ കേൾവിയെപ്പററി കുറെക്കൂടെ ബലമായ ഒരു വിശ്വാസം ജനിക്കാൻ ഇടയായി. ഇതിന്റെ വാസ്തവം എങ്ങിനെയെന്നു കൃത്യമായി അറിയാൻ ആരെങ്കിലും ശ്രമിക്കുന്നതായാൽ അതു വിലയേറിയ ഒരു ലക്ഷ്യമായിത്തീരുന്നതാണു. കിഴക്കേമാൎവായിൽ സാഗരത്തിനു സമീപിച്ചു നബ്ദാ നദീതീരത്തിൽ സ്ഥിതിചെയ്യുന്ന ഉദയപുരിക്ഷേത്രഭിത്തിയിലെ പുരാതനലേഖനത്തിൽ ചേൎത്തിരിക്കുന്ന രാജാക്കളുടെകൂട്ടത്തിൽ മലയാളത്തിലെ രാജാവിന്റെ പേരും ചേൎക്കപ്പെട്ടിട്ടുണ്ടു. ഇതു പതിനൊന്നാം ശതവൎഷത്തിൽ എഴുതപ്പെട്ട ഒരു ശിലാരേഖയാണു. അക്കാലത്തു അതു ക്രിസ്തീയ ദേവാലയമായിരുന്നു; തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ആ ദേവാലയം മിക്കവാറും നശിച്ചുപോയതിനു ശേഷം പുനഃസ്ഥാപനം ചെയ്യപ്പെടുകയും അതിന്റെ പ്രതിഷ്ഠാകൎമ്മനാളിൽ വളരെ ജനങ്ങളും പല രാജാക്കളും അതിൽ സംബന്ധിക്കയും ചെയ്തിരുന്നു എന്നുംമററുമാണു ആ ശിലാലേഖനം അറിയിക്കുന്നതു്. (ശിലാലേഖനത്തിന്റെ തൎജ്ജമയെപ്പററി ഉണ്ടായിരുന്ന സന്ദേഹം അടിസ്ഥാനരഹിതമാണെന്നു താമസിയാതെ അറിയാനിടവരും.) ഇതിൽ നിന്നു പതിനൊന്നാം ശതവൎഷത്തിൽ, ഒരു നസ്രാണി രാജാവുണ്ടായിരുന്നു എന്നു തെളിയുന്നു. പതിനഞ്ചാം ശതവൎഷത്തിൽ തോമ്മായെന്നു ഒരു രാജാവുണ്ടായിരുന്നു എന്നും അദ്ദേഹത്തിനു ൧൪൩൯-ൽ നാലാമത്തെ എവുജേനിയോസ് മാൎപ്പാപ്പാ ഒരു ലിഖിതം അയച്ചു എന്നും ചരിത്രലക്ഷ്യംകൊണ്ടു നാം അറിയുന്നു. അനന്തരം ഇപ്പോൾ ൧൭൦൦-ൽ തോമ്മാ എന്നൊരു രാജാവു് കാലം ചെയ്തതായി കൊത്തപ്പെട്ട ഒരു കരിങ്കല്ലു ഉദയംപേരൂർ പള്ളിയിൽനിന്നു പി. കെ. ജോസപ്പുമാപ്പിള അവർകളുടെ ഉത്സാഹത്താൽ കണ്ടുകിട്ടിയതായി കാണുന്നു. ആ കല്ലു ഭദ്രമായി സൂക്ഷിക്കയും അതു അൎക്കിയോളജിസ്റ്റിനെക്കൊണ്ടു വായിപ്പിച്ചു അതിന്റെ ശരിയായ തൎജ്ജിമ ബഹുജനങ്ങളുടെ അറിവിലേക്കു കൊണ്ടുവരികയും ചെയ്യേണ്ടതാണു. ഒടുവിലത്തെ ഈ രാജാവിന്റെ മരണം മുഖാന്തിരം നസ്രാണിരാജ്യം നിന്നുപോയതായി കാണുന്നു. ഇതാണു കൊടുങ്ങല്ലൂരിലെ നസ്രാണികൾ ഗാമായുടെ പക്കൽ ചെന്നു മേലിൽ തങ്ങളുടെ രാജാവിന്റെ സ്ഥാനത്തു പോൎത്തുഗൽ രാജാവിനെ ഗണിച്ചു അദ്ദേഹത്തിന്റെ നാമത്തിൽ മാത്രമേ കുററക്കാരെ ശിക്ഷിക്കയുള്ളു എന്നു പറയുവാൻ കാരണമായതു.

ഫാദർ ബെൎണ്ണാർഡ് സി. ഡി.

## തിരുഹൃദയഭക്തന്മാർ ൧൲൧൱ മീനമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

“സാധാരണ ജനങ്ങളുടെ ജീവിതനവീകരണം”.

ഏതൊരു രാജ്യത്തിന്റെയും ഉൽക്കൎഷം അതിനെ അധിവസിക്കുന്ന സാധാരണന്മാരായ ജനങ്ങളുടെ ക്ഷേമാഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ളതു നിൎവ്വിവാദമാണല്ലോ. ഏതാനും ആളുകൾ മാത്രം മഹാവലിയ പ്രഭുക്കന്മാരും, ശേഷമുള്ളവരെല്ലാം നിത്യവൃത്തി

ക്കുപോലും വകയില്ലാത്ത ദരിദ്രന്മാരുമായിട്ടുള്ള ഒരു ജനക്കൂട്ടം ഐശ്വൎയ്യാവസ്ഥയിലിരിക്കുന്നുവെന്നു ആരും പറയുന്നതല്ല. സാധാരണ ജനങ്ങളാണു എവിടെയും ഭൂരിപക്ഷം. രാജ്യത്തിന്റെ അഥവാ സമുദായത്തിന്റെ നില ഏറിയപങ്കും അവരുടെ സ്ഥിതിയെ ആശ്രയിച്ചിരിക്കും. കത്തോലിക്കാ സഭയാകുന്ന ആ വലിയ സാമ്രാജ്യത്തിന്റെ അവസ്ഥയും ഇതിൽനിന്നു വ്യത്യസ്തമല്ല. മുപ്പതുകോടിയിൽപ്പരമുള്ള ഈ ജനസംഖ്യയത്തിൽ അധികഭാഗവും സാധാരണ ജനങ്ങളാകുന്നു. ആകയാൽ കത്തോലിക്കാസഭ അന്യന്മാൎക്കു പ്രത്യക്ഷപ്പെടുന്നതു പ്രായേണ ഈദൃശന്മാരായ ആളുകൾ വഴിയ്ക്കാണു്. അവരിൽ പ്രതിബിംബിച്ചു കാണുന്ന നന്മ അഥവാ തിന്മ തിരുസഭയുടെ പൊതുലക്ഷണമായി ഇതരന്മാർ പരിഗണിക്കുന്നു. സാക്ഷാൽ പരിശുദ്ധമായ കത്തോലിക്കാ സഭയെ സംബന്ധിച്ചുള്ള പല അപലാപങ്ങൾക്കുമുള്ള മൂലകാരണം ഇതാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. നമ്മുടെ മാതാവും മ്ശിഹായുടെ മണവാട്ടിയുമായ തിരുസഭയെ വാസ്തവത്തിൽ സ്നേഹിക്കുന്ന എല്ലാ മക്കളുടേയും പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒരു സംഗതിയാണിതു്. തങ്ങളുടെ മാതാവിന്റെ മഹത്വത്തിന്നു തങ്ങൾ ഹേതുഭൂതരാകേണ്ടതിനു പകരം അന്യരുടെ ദൃഷ്ടിയിൽ അവൾ ആക്ഷേപാർഹയായിത്തീരുന്നതിനു തങ്ങൾ കാരണക്കാരായി ഭവിക്കുന്നതു അത്യന്തം ലജ്ജാവഹമാണെന്നു ആൎക്കും അല്പം ആലോചിച്ചാൽ മനസ്സിലാകും. ആകയാൽ സാധാരണ ജനങ്ങളെല്ലാവരും തങ്ങളുടെ ഈ ചുമതലയെ നല്ലപോലെ ഗ്രഹിച്ചു പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാ മതതത്വങ്ങളെ വേണ്ടപോലെ മനസ്സിലാക്കുകയും, സഭയുടെ വിഷയത്തിൽ ഹൃദയപൂൎവ്വകമായ ഒരു സ്നേഹവും ശുഷ്കാന്തിയും ഉണ്ടാകയും ചെയ്താൽ ഇതു സംബന്ധിച്ചുള്ള പല ന്യൂനതകളും തീരുന്നതാണു്. ഇങ്ങനെയുള്ള ഒരു ജീവിത നവീകരണം അവരുടെ ഇടയിൽ ഉണ്ടായിവരുന്നതിനു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാൎത്ഥിപ്പാറാകണം.



മേടമാസം:— "ദിവ്യകാരുണ്യസംഘങ്ങൾ"

## മാതാവിന്റെ ലുത്തനിയാ. (തുടർച്ച)

ദൈവാനുഗ്രഹകല്പമായ ജനനീ! നൈൎമ്മല്യമാകും ഗുണം
രാവിങ്കൽ ശശിപോലിണങ്ങിവിലസും സൽപുണ്യസാരസ്യമേ,
ശ്രീവാസ്സും പ്രയതം വിരക്തികലരും മഞ്ജ്വാംബ! നിഷ്കന്മഷാ—
ത്മാവായുള്ളവളേ കനിഞ്ഞിവരിൽ നീ ദൈവത്തെയൎത്ഥിക്കണേ!

ക്രൂക്മെററം സ്കറിയാ ഡീക്കൻ.

ഈശപ്രസാദ,മതിരററ വിരക്തി,യെന്ന—
ല്ലാശക്കുചേൎന്നപടി വെണ്മ വപുസ്സി,ലേവം
ലേശം കളങ്കമണയാത്തൊരു കന്നിയമ്മേ!
നാശത്തിൽനിന്നു ഭവദൎത്ഥനയാൽ തുണയ്ക്ക.

പുതുപ്പറമ്പിൽ അബ്രാഹം ശമ്മാശൻ.

ജീവജ്ജീവനമായ ദൈവകൃപയെക്കാക്കുന്ന പൊൻപാത്രമേ!
ജീവന്തീസമമായി നിൎമ്മലതയെസ്സംരക്ഷിച്ച ദേവാംബികെ!
ഏവം ശുദ്ധതയേററമുള്ള സതിയാം കന്യാവ്രതത്തിന്നു സൽ
ബ്ഭാവം ചെററണയാത്ത തായെ! മനുജൎക്കായ് നീയപേക്ഷിക്കണേ.

പ്ലാക്കീയിൽ ജോൺവാദ്ധ്യാർ.

ദൈവത്തിന്റെ വരപ്രസാദഗൃഹമായ് നൽനിൎമ്മലാത്മാവുമായ്
നിൎവ്യാജനവിരക്തയായണുവോളം തെററാത്തകന്യാസ്ത്രീയായ്
മേവുന്നൊരു മരിയാംബികേ! കൃപയെഴുംനാഥേ! മടിക്കാതെ നീ
സൎവ്വേശനകലവേക്ഷരെ യരുളണേ ഞങ്ങൾക്കുവേണ്ടിസ്സദാ.

മാപ്പിളക്കുന്നേൽ മത്തായി മാപ്പിള, മീനച്ചൽ.

ഈശൻതൻകൃപയാണ്ട പുണ്യജനനി! നൈൎമ്മല്യപൂൎണ്ണാംബികേ!
മോശംവിട്ട വിരക്തിയുള്ള മരിയേ! പാൎത്തീടിലിങ്ങിഷൽ ഹാ!
ലേശംപോലുമെഴാത്ത നാരികൾ തൊഴും മാണിക്യമേ! നീ കനി-
ഞ്ഞാശയ്ക്കൊത്തു മനുഷ്യജാലമതിനായൎത്ഥിക്കണേ നിത്യവും!

മുകളയിൽ ജോസഫ് വാദ്ധ്യാർ, നീണ്ടൂർ.

ദൈവത്തിന്റെ പ്രസാദമേററമിയലും മാതേ! മഹാ നിൎമ്മലേ!
ഹേ! വന്ദ്യേ! പെരുതായ് വിരക്തി കലരുംസംപൂൎണ്ണ പുണ്യാംബുധേ!
ആവൻപാന്നൊരു കന്യകാത്വമമലംപാലിച്ചതായേ! ഭവൽ
സേവന്മാരടിയങ്ങളിൽക്കനിയുവാൻ ദൈവത്തൊടൎത്ഥിക്കണേ!!

ടി. കെ. വൎക്കി, ചേൎത്തല.

ദേവപ്രസാദജനനീ! പരിശുദ്ധ തായേ!
വൈരാഗ്യമത്യധികമെന്നു മിണങ്ങുമമ്മേ!
ഈഷല്ലുമളങ്കമിയലാത്തൊരു കന്നിയമ്മേ!
ഞങ്ങൾക്കു വേണ്ടി ജനയിത്രി! യിരന്നിടേണം.

ജോസഫ് പി. പുലിക്കോടൻ.

നിത്യതാതനുടെയിഷ്ടദാനമണിയുന്ന പുണ്യമരിയാംബികേ!—
യെത്രയും വിമലകന്നിയമ്മ! കറതീണ്ടിടാത്ത തരുണീമണേ!
അത്യഗാധതയെഴും വിരക്തിവിളയാടിടുന്ന ജനയിത്രി! നിൻ—
പുത്രനോടുടനിരന്നു നൽകണമിവൎക്കു വേണ്ട വരമാകെ നീ.

സി. മാത്യു, കൂട്ടുമ്മേൽ.

ദൈവപ്രസാദപരിപൂരിത ലോകനാഥേ!
സമ്യഗ്വിശുദ്ധ ജനയിത്രി! വിരക്തപൂൎണ്ണേ!
ഈഷദ്വിരോധരഹിതസ്ഥിത കന്യകാംബേ!
ത്വൽപ്രാൎത്ഥയാസ്മദഭിയുക്തമുദീക്ഷ ദേവം.

അതിരമ്പുഴ, സി. എം. സെബാസ്ററ്യൻ.

മേടമാസം— ലുത്തനിയാ (തുടൎച്ച) അടുത്ത അഞ്ചു നിറുത്തുകൾ മുൻപോലെ ഒരു പദ്യമാക്കണം.

## കുറിപ്പുകളും വൎത്തമാനങ്ങളും.

☞ പദ്യങ്ങൾ ലേഖനങ്ങൾ മുതലായവ ൧൫-ാംനു-ക്കുമുമ്പു ഇവിടെ കിട്ടേണ്ടതാണ്. താമസിച്ചുകിട്ടുകയാൽ ഇത്തവണ പലതും ഉപേക്ഷിക്കയും നീക്കിവെയ്ക്കയും ചെയ്യേണ്ടിവന്നതിൽ വ്യസനിക്കുന്നു. അഭിപ്രായത്തിന്നയച്ചുതന്നിട്ടുള്ള Malabar Catholic Student, യഥാൎത്ഥമതം, കത്തോലിക്കാ തത്വമാഹാത്മ്യങ്ങൾ, വി ജി. പ്രസ്സ് പഞ്ചാംഗം മുതലായവ നന്ദിപൂൎവ്വം കൈപ്പററിയിരിക്കുന്നു. സ്ഥലച്ചുരുക്കത്താൽ അഭിപ്രായം അടുത്തതിൽ.

സെൻറ് ബൎക്കുമാൻസ് കോളേജ്.

അടുത്ത സ്കൂൾവൎഷാരംഭം മുതൽ ചങ്ങനാശേരി ഹൈസ്കൂൾ കോളജാക്കുന്നതിനു തീൎച്ചപ്പെടുത്തിയിരിക്കുന്നതായും അതിലേക്കു വേണ്ട അനുമതികളെല്ലാം സിദ്ധിച്ചിരിക്കുന്നതായും അറിഞ്ഞു ഞങ്ങൾ സന്തോഷിക്കുന്നു. പുതുതായി ഒരു കോളജ് ആരംഭിക്കുന്നതിലേക്കു വേ

ണ്ട ചെലവുകൾ ചില്ലറയൊന്നുമല്ല. അതിനാൽ സമുദായാഭിമാനികളായ മഹത്തുക്കളുടെ ശ്രദ്ധ ഇക്കാൎയ്യത്തിലേക്കു ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. കുറേമുമ്പു കാഞ്ഞിരപ്പള്ളിൽ കൂടിയ ഒരു യോഗത്തിൽവച്ചു മിസ്റ്റർ പി. ഐ. ചാണ്ടി ബി. ഏ. എൽ. ററി. കോളജ് വകക്കു ആയിരം രൂപാ സംഭാവന ചെയ്കയുണ്ടായി. അതുപോലെ യഥാശക്തി ഓരോരുത്തർ സഹായിക്കുന്നപക്ഷം മഹത്തരമായ ഈ ഉദ്യമം നമ്മുടെ സമുദായോന്നതിക്കു തക്ക ഒരു മാൎഗ്ഗമായിപ്പരിണമിക്കുന്നതാണ്.

കത്തോലിക്കപുസ്തകവില്പനശാല.

മിസ്റ്റർ മുത്തുനായകംപിള്ള ബി. ഏ. ബി. എൽ. ഇക്കാൎയ്യത്തിൽ തിരുവനന്തപുരത്തു ചെയ്യുന്ന ശ്രമങ്ങളും, തൻമൂലം അവിടെയുണ്ടായിട്ടുള്ള ഫലങ്ങളും ഏറക്കുറെ എല്ലാവരും അറിഞ്ഞിരിക്കാനിടയുള്ളതാണല്ലോ. ഫലപ്രദമായ ഈ ഏൎപ്പാടു മററു സ്ഥലങ്ങളിലും നടന്നുകാണ്മാൻ ആഗ്രഹിച്ചുകൊണ്ടു അദ്ദേഹം ഞങ്ങൾക്കു ഇങ്ങനെ എഴുതിയിരിക്കുന്നു:— "..... മാന്നാനത്തു നിന്നും ധ്യാനിപ്പിക്കുന്നതിനായിപ്പോകുന്ന അച്ചന്മാർ ഉത്സാഹിച്ചാൽ ഉത്തരതിരുവിതാംകൂറിലെ ഇടവകകളിലും ബ. വികാരിമാർ വഴി ഇതു നടപ്പാക്കാം. ഈ ഏൎപ്പാടിനേപ്പററി വിവരിക്കുന്നതായ "സിലോൺഗാൎഡിയൻ" എന്ന പത്രത്തിന്റെ കഴിഞ്ഞ മാൎച്ച് ൧൨-ാംനു-ലെ ലക്കം ഇതോന്നിച്ചയക്കുന്നു. അതുപോലെ നമ്മുടെ തിരുവിതാംകൂറിലും നടന്നുകാണ്മാനാണ് എന്റെ ആഗ്രഹം. പത്രങ്ങളിലും മററും ഈ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുകയും മററു വഴിക്കും അച്ചൻ വേണ്ടപോലെ താല്പൎയ്യപ്പെടുകയും ചെയ്താൽ നല്ല വിജയം സിദ്ധിക്കാതിരിക്കയില്ലെന്നു തീൎച്ചയാണ്....." സിലോൺ കത്തോലിക്കസമാജത്തിന്റെ ആഭിമുഖ്യത്തിൽ ഈ ഏൎപ്പാടു അവിടെ പല പള്ളികളിലും നടന്നുവരുന്നതായി മേല്പറയപ്പെട്ട പത്രത്തിൽ കാണുന്നുണ്ടു. ഉപയോഗപ്രദങ്ങളായ കത്തോലിക്കപ്രസിദ്ധീകരണങ്ങൾ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പ്രധാന കുറുബാനക്കു ഒരു മണിക്കൂർ മുമ്പും പിമ്പും പള്ളിവാതുക്കൽ ശേഖരിച്ചുവച്ചു വില്പന നടത്തുകയാണ് അവിടങ്ങളിൽ ചെയ്തുവരുന്നതു്. അതേസംബന്ധിച്ചു പല ലേഖനങ്ങൾ പ്രസ്തുത പത്രത്തിൽ എഴുതിയിട്ടുണ്ടു. സ്ഥലച്ചുരുക്കത്താൽ അതെല്ലാം ഇവിടെ എടുത്തെഴുതാൻ സാധിക്കാത്തതിൽ വ്യസനിക്കുന്നു. മുത്തലപുരം മുതലായി നമ്മുടെ ചില പള്ളികളിൽ ഈ സമ്പ്രദായം ആരംഭിച്ചിട്ടുള്ള വിവരവും ഇക്കൂട്ടത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

മിസ്ററർ വാമനബാലിക.

ക്രിസ്ത്യാനികളിൽ ചില കൂട്ടർ ക്രിസ്തുവിന്റെ ദൈവത്വത്തേപ്പററിസംശയിച്ചുതുടങ്ങിയിരിക്കയിൽ ഹിന്തുക്കളിൽ ചിലർ അതിനെ സ്ഥാപിക്കാൻ പുറപ്പെട്ടിരിക്കുന്നതു ആശ്വാസകരം തന്നെ. ആലപ്പുഴ സനാതനം സ്കൂളിലെ ഒരു സഹായാദ്ധ്യാപകനായ മിസ്റ്റർ വാമനബാലിക ബി. ഏ. എൽ. ററി. ഇക്കൂട്ടത്തിൽപെട്ട ഒരാളാണ്. പ്രസിദ്ധ വാഗ്മിയായ ഇദ്ദേഹം ഹൈന്ദവമതസ്ഥരായ പല മഹാന്മാരുടെ സാന്നിദ്ധ്യത്തിൽ ക്രിസ്തുവിന്റെ ദിവ്യത്വത്തെ സംബന്ധിച്ചു രസകരമായ പ്രസംഗങ്ങൾ നടത്തിവരുന്നു. ഇക്കഴിഞ്ഞ മകരം ൧൦-ാംനു ഞായറാഴ്ച ആലപ്പുഴ മുല്ലക്കൽ വായനശാലയിൽ വച്ചു റായി ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ ബി. ഏ. ബി. എൽ. അവർകളുടെ ആദ്ധ്യക്ഷത്തിൽ നടന്ന ഒരു മഹായോഗത്തിൽ വച്ചു "Jesus Christ the Son of God" (ദൈവപുത്രനായ യേശുക്രീസ്തു) എന്ന വിഷയത്തേപ്പററി അദ്ദേഹം പ്രൌഢഗംഭീരമായ ഒരു പ്രസംഗം ചെയ്കയുണ്ടായി. യോഗത്തിൽ മെസ്സേഴ്സ് കുററാലിംഗംപിള്ള ബി. ഏ. ബി. എൽ; കൃഷ്ണയ്യർ ബി. എ. ബി. എൽ; പി. ജേ. വറുഗീസു ബി. എ. ബി. എൽ; ഇമ്പീരിയൽ ബാങ്ക് കാഷ് കീപ്പർ രാമസ്വാമി അയ്യർ, അലി അബ്ദല്ലാ, അലിബാവാ മുതലായി നാനാജാതി മതസ്ഥരായ അനേക മാന്യന്മാർ ഹാജരുണ്ടായിരുന്നു. "ബൈബിളിലുള്ള നാലു 'സുവിശേഷങ്ങളും സശ്രദ്ധം വായിക്കുമ്പോൾ 'സത്യദൈവം നാശയോഗ്യരായ മനുഷ്യരെ രക്ഷിക്കുന്നതിനു മനുഷ്യനായി ദേഹം ധരിച്ച ദൈവത്തിന്റെ ഏകജാതനായ പു

ത്രനാകുന്ന ക്രിസ്തു' എന്നു ഗ്രഹിക്കാവുന്നതാണെ"ന്നു യുക്തിയുക്തമായി അദ്ദേഹം സ്ഥാപിക്കയാണു ചെയ്തതു്. അദ്ധ്യക്ഷൻെറ ഉപസംഹാരപ്രസംഗവും രസകരമായിരുന്നു. "ക്രിസ്തുവിൻെറ ദിവ്യത്വം സമ്മതിക്കാതെ നിവൃത്തിയില്ലെന്നും, ഭാഷയുടെ സൌകുമാൎയ്യത്താൽ ആകൎഷിതനായി വിദ്ധ്യാൎത്ഥിയായിരുന്ന കാലത്തു താൻ ബൈബിൾ വായിച്ചിട്ടുണ്ടെന്നും, ഈയിടെയായി വായിക്കാറില്ലെന്നും, അത്യഗാധമായ ശോധനയുടെ ഫലമായ അതിരസകരമായ പ്രസംഗം കേൾപ്പാനിടയായതിൽ മിസ്റ്റർ ബാലികയോടു ഹൃദയപൂർവം കൃതജ്ഞനായിരിക്കുന്നു" എന്നും മററും മിസ്റ്റർ കൃഷ്ണയ്യങ്കാർ ദീൎഘമായി പ്രസംഗിച്ചു.

## മനോഗുണവിവരങ്ങൾ.

ചെങ്ങളത്തു പുണ്യവാൻെറ സഹായത്താൽ പബ്ളിക്കു പരീക്ഷയിൽ വിജയിയായതിനെക്കുറിച്ചുള്ള കൃതജ്ഞതാപ്രകടനം. കുസുമത്തിൽ പ്രസിദ്ധപ്പെടുത്താമെന്നുള്ള നേർച്ച തികച്ചുകൊള്ളുന്നു

എം. എം. കെ.

ചെങ്ങളത്തു വി. അന്തോനീസിൻെറ സഹായത്താൽ സൎവ്വേപ്പരീക്ഷയിൽ വിജയിയായിരിക്കുന്നു. വി. ജെ. ചേൎത്തല.

൩ നന്മനിറഞ്ഞ മറിയം ൧ മാസക്കാലത്തോളം ദിവസംപ്രതി എത്തിച്ചു സത്യസഭ കാണിച്ചുതരണമെന്നപേക്ഷിച്ചതിൻെറ ഫലമായി ഞാൻ കത്തോലിക്കസഭയിൽ ചേൎന്നിരിക്കുന്നു. — യാക്കോബായക്കാരനായിരുന്ന കെ. വി. മൂഴിക്കുളം.

ചെങ്ങളത്തു അന്തോനീസു പുണ്യവാൻെറ സഹായത്താൽ എൻെറ തളർവാതം സുഖപ്പെട്ടതിൻെറ ഉപകാരസ്മരണം. എൽ. കണ്ണംകുഴിശ്ശേരി.

വി. അന്തോനീസു പുണ്യവാൻെറ സഹായത്താൽ സൎവ്വപ്രകാരേണ അസാദ്ധ്യമെന്നു കരുതിയിരുന്ന എൻെറ മനോഹിതം സാദ്ധ്യമായി ഭവിച്ചതിനു ഉപകാരസ്മരണ ചെയ്യുന്നു. വി. ജെ. മറുവക്കാട്ടു.

ചെങ്ങളത്തു മാർ അന്തോനീസിൻെറ മാദ്ധ്യസ്ഥത്താൽ എൻെറ ഭാൎയ്യയുടെ പ്രസവകാലത്തെ ആപത്തു നീങ്ങിക്കിട്ടിയതിന്നു നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു. ടി. സി. ഏൎത്തുരുത്തു.

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

അഴിക്കൽ ഇടവക ആയിടത്തുരുത്തേൽ ബ. ഫ്രാൻസീസ് ഫെർനാണ്ടസ് അച്ചൻ ജനുവരി ൮. ഞായറാഴ്ച. കോക്കമംഗലം ഇടവക വണ്ടളത്തുകരി ക. നി. മൂ.സ. ബ. വിനസന്തിയോസച്ചനവർകളുടെ ജ്യേഷ്ഠസഹോദരൻ ചാക്കൊ ദേവസ്യാ അവർകൾ ജനുവരി ൨൨-നു ഞായറാഴ്ച. ൬൬ വയസ്സ്. വടയാററുപള്ളിയടവക പാലാത്തയ്യിൽ തൊമ്മൻ അവർകളുടെ മകൾ റോസ ജനുവരി ൧൦-നു ൧൯ വയസ്സ്. ചേൎത്തലയിടവക വട്ടക്കാട്ടുശേരി ബ. ജോൺ ശമ്മാശൻ ക്ഷയരോഗത്താൽ ജനുവരി ൨൭ വെള്ളിയാഴ്ച. ൨൮ വയസ്സ്. തങ്കശ്ശേരി ഹോളിക്രോസ് പള്ളിയിടവക മിസ്സിസ് ററി. ഏസ് നെറോയുടെ സീമന്തപുത്രൻ ഡേവിഡ് നെറോ ഫെബ്രുവരി ൪-നു ടൈഫോയിഡ് പനിയാൽ ൧൨-ാമത്തെ വയസ്സിൽ, സുശീലനായ ഈ കുട്ടി കഴിഞ്ഞയാണ്ടു മാന്നാനം സെൻറലോഷ്യസ് ബോർഡിങ്ങിൽ താമസിച്ചു പഠിച്ചിരുന്നതാണു്. കിഴ്തടിയൂരു മണ്ടപത്തിൽ തൊമ്മൻ അവർകളുടെ ഭാൎയ്യയും, മനയാനിക്കൽ ഡി. കുരുവിളയവർകളുടെ സഹോദരിയുമായ കുഞ്ഞേലി ഫെബ്രുവരി ൧൦-നു വെള്ളിയാഴ്ച ൪൨ വയസ്സ്. ഒല്ലൂർപള്ളയിടവക തേയ്ക്കാനത്തു ക. നി. മൂ. സ. ബ. ത്രേസ്യാസച്ചൻ ഫെബ്രുവരി ൯-ാംനു-വ്യാഴാഴ്ച ഏൎത്തുരുത്തു കൊവേന്തയിൽ വച്ചു. എഴുപത്തുരണ്ടു വയസ്സ്. കൈനകരിപ്പള്ളിയിടവക കാളാച്ചേരിൽ പെ. ബ. ഔസേപ്പച്ചനവർകളുടെ സഹോദരി ക. നി. മൂ. സ. ബ. ഈശോയുടെ അനസ്താസ്യാ കുംഭം ൧൧-നു. ൪൦ വയസ്സ്. മണിമല ഇംഗ്ലീഷ് സ്കൂൾ ഹേഡ്മാസ്റ്റർ മിസ്റ്റർ ററി. എം. ചാക്കോയുടെ പിതാവായ ചങ്ങനാശേരിപ്പള്ളിയിടക കാട്ടുപറമ്പിൽ തെക്കേതിൽ ചെറിയതു മാത്തു ഫെബ്രുവരി ൧൩-നു ൬൦-ാമത്തെ വയസ്സ്.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൨.　　　　ഠ൭൨　　　　എപ്പകത്തി ൩

## ൧൯൨൨ മാർച്ച ൯൭ കുംഭം - മീനം.

മാർ യൌസേപ്പുപിതാവിൻെറ വണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 18 | ബു | [illegible] വിഭൂതി ന. കു. ആ. | റോ. |
| 2 | 19 | വ്യാ | † ക. മറി. വിവാഹം. ജനു. ൨൩ ന. ആ. കു. വെ. | വെ. |
| 3 | 20 | വെ | † ന. ക. മുൾമുടി * ൩൧ ന. ആ. കു. വെ. | ചു. |
| 4 | 21 | ശ | പാ. വേ. ലൂസി. ന. ആ. കു. വെ. | ചു. |
| 5 | 22 | ഞാ | ✠ നോ. ൧-ാം ന. കു. ആ.　　. ൫. ൩. ൨ | റോ. |
| | | | ഇന്നു വിശുദ്ധ പ്രാൻസി. ശവേർ മനോഗുണ, നവനാൾ തുടങ്ങുന്നു. | |
| 6 | 23 | തി | † മെ. ക്രൂറില്ലോസ് ന. ആ. കു. വെ. | വെ. |
| 7 | 24 | ചൊ | മ. മെ. തോമ്മാ. ന. ആ. കു. വെ. | വെ. |
| 8 | 25 | ബു | † മെ. യോഹ. ന. ആ. കു. വെ. പട്ടം | വെ. |
| 9 | 26 | വ്യാ | ൪൦ വേദസാക്ഷികൾ ന. ആ. കു. വെ. | ചു. |
| | | | നാളെ മാർ യൌസേപ്പുപിതാവിൻ മരണത്തിരു. നവനാൾ തുടങ്ങുന്നു. | |
| 10 | 27 | വെ | † ന. ക. ഈട്ടി. ആണി ന. ആ. കു. വെ. * ൧൦ ഒരുനേ. പട്ടം | ചു. |
| 11 | 28 | ശ | † വി. പ്രാൻസി. ഈ. ൻ. ന. ആ. കു. വെ. പട്ടം. | വെ. |
| 12 | 29 | ഞാ | ✠ നോ. ൨-ാം ഞായർ ന. കു. ആ.　　. ൭൨. ൧൦. . ൩ | റോ. |
| 13 ● | 30 | തി | പാ. വേ. ഗ്രീഗോരി. ഇന്നലെ. ന. ആ. കു. വെ. | ചു. |
| 14 | 1 | ചൊ | വന്ദ. പൌലോ ജനുവരി ൧൫. ന. ആ. കു. വെ. | വെ. |
| 15 | 2 | ബു | വേ. വിനസെന്തി. (ജ. ൨൨) ന. ആ. കു. വെ. | ചു. |
| 16 | 3 | വ്യാ | † വന്ദ. അബ്രാഹം ന. ആ. കു. വെ. | വെ. |
| 17 | 4 | വെ | † ന. ക. തിരുവസ്ത്രം * ൧൦ ഒരുനേരം. | ചു. |
| 18 | 5 | ശ | † വി. ഗെബ്രിയേൽ മാലാഖ. ന. ആ. കു. വെ. | വെ. |
| 19 | 6 | ഞാ | ✠ ൩-ാം മാർ യൌസേ. ന കു. വെ　　. ൭൫ ൭ . ൨ | വെ. |
| | | | വി. യൌസേപ്പിൻെറ മരണത്തിരുനാൾ മാന്നാനം, ശമ്പക്കുളം ഈ ദേവാലയങ്ങളിൽ ആഘോഷിക്കപ്പെടുന്നു. | |
| 20 | 7 | തി | ന. ആ. ൩-ാം ഞായറാഴ്ചെറ (ഇന്നലത്തേതു) | റോ. |
| 21 | 8 | ചൊ | മെ. ബെനദിക്തോസ് ന. ആ. കു. വെ. | വെ. |
| 22 | 9 | ബു | † മെ. റൈമുന്ത. ജനു. ൨൦ ന. ആ. കു. വെ. | വെ. |
| 23 | 10 | വ്യാ | † മ. മെ. പത്രോസുദമിയാൻ ഫെബ്രു. ൨൩ ന. ആ. കു. വെ. | വെ. |
| 24 | 11 | വെ | † ന. ക. തിരുമുറി. ന. ആ. കു. വെ. * ൩൧ ഒരുനേരം. | ചു. |
| 25 | 12 | ശ | ✠ എ. ഭാ. ക. മ. മംഗലവാർത്ത. ന. കു. വെ. | വെ. |
| 26 | 13 | ഞാ | ✠ നോ. ൪-ാം ഞായർ ന. കു. ആ.　　. ൫൧. ൭. ൩ | റോ. |
| 27 | 14 | തി | † മ. മെ. യോഹ. ദമ്മസോ ന. ആ. കു. വെ. | വെ. |
| 28 | 15 | ചൊ | പാ. വേദ. ഹൂഗി. ജ. ൧൫ ന. ആ. കു. വെ. | ചു. |
| 29 | 16 | ബു | † മെ. കാസ്മീർ ന. ആ. കു. വെ. മാർച്ചു ൪. | വെ. |
| 30 | 17 | വ്യാ | † മെ. യോഹ ക്ലീമാക്ക്. ന. ആ. കു. വെ. | വെ. |
| 31 | 18 | വെ | † ന. ക. തിരുച്ചോര. ന. ആ. കു. വെ. * ൭൧ ഒരുനേരം. | ചു. |

✠ ഈ അടയാളം എല്ലാവക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേക്കപ്പെട്ട തിരുനാൾ.

Printed and Published for the Proprietor by P. K. Joseph, at St. Joseph's Press, Mannanam, 1922.

## വരാപ്പുഴ കോൺവേർഷ്യൻലീഗുവക ലഘുലേഖകൾ.

പണ്ഡിതപാമരന്മാക്ക് ഒരുപോലെ രസിക്കത്തക്കവണ്ണം എഴുതപ്പെട്ടിരിക്കുന്ന ഈ ചെറുപുസ്തകങ്ങൾ വാങ്ങി വായിച്ചുനോക്കുവിൻ. അന്യമതസ്ഥക്ക് വാങ്ങിക്കൊടുപ്പിൻ. അഞ്ചു പുസ്തകങ്ങൾ പുറപ്പെട്ടിട്ടുണ്ട്. വില ഓരോ അണ മാത്രം.
അപേക്ഷിക്കേണ്ടും മേൽവിലാസം:—

ജനറൽ സെക്രട്ടറി, കോൺവേർഷ്യൻ ലീഗ്,
പുത്തൻപള്ളി സെമ്മിനാരി—വരാപ്പുഴ.

---

## ഇതാ പുറപ്പെട്ടിരിക്കുന്നു. "കത്തോലിക്കാതത്വമാഹാത്മ്യം"

മിസ്റ്റർ വി. സി. ജോർജ് എഴുതിയത്.

കോട്ടയം കത്തോലിക്കാ മിഷ്യൻ പ്രസ്സിലെ അച്ചടിയും ബയണ്ടും. ഇരുനൂറിൽപ്പരം പക്കങ്ങളുള്ള ഈ പുസ്തകത്തിനു വില ഒരു രൂപാ നാലണ മാത്രം.

ഡസനിൽ കൂടുതൽ എടുക്കുന്നവക്ക് പ്രത്യേക നിരക്ക് അനുവദിക്കും.

പി. കെ. സെബാസ്ത്യൻ, കുറവിലങ്ങാട്ട്.

---

## കുസുമഗ്രന്ഥാവലി പ്രസിദ്ധീകരണങ്ങൾ.

1. "യാക്കോബായസഭ". (ഫാദർ ബെർണ്ണാർഡ് സി. ഡി)
2. "ദേവമാതാവിൻ വണക്കമാസപ്പാട്ടുകൾ" (തീർന്നുപോയി) (ഫാദർ സൈമൺ സി. ഡി.)
3. "പ്രോട്ടസ്റ്റൻറുമതവും വേദപുസ്തകവും." (ഫാദർ തോമസ് മണ്ണൂരാമ്പെരി)
4. "ഭാരതഹൃദയം" (സി. അന്തപ്പായി ബി. ഏ. ഭാഷാന്തരം ചെയ്തത്.)
5. "അൽമേനികളും വേദപ്രചാരവും." (ഫാദർ ജെ. പത്തിക്കാരൻ എം. ഏ.)
6. "ഹിന്ദുമതം" (കെ. അയ്യപ്പൻ ബി. ഏ)
7. "കത്തോലിക്കാ സഭ" (കെ. ഈ. ജോബ് ബി. ഏ.)
8. "ദിവ്യകാരുണ്യ കീർത്തനങ്ങൾ" (ഫാദർ സൈമൺ സി. ഡി.)
9. "സഭയും സമുദായവും" (വി. സി. ജോർജ്ജ്.)
10. "മാർപ്പാപ്പായുടെ അപ്രമാദിത്വം." (അച്ചടിച്ചുവരുന്നു.) (ഫാദർ റൊമേറൂസ് സി. ഡി.)
11. "ക്രിസ്തീയ പുനരൈക്യം" (അടുത്തമാസത്തേക്ക്) (സി. അന്തപ്പായി ബി. ഏ.)

ഓരോന്നിനും വില ചക്രം രണ്ട്. തപാൽക്കൂലി പുറമേ.
രൂപായിക്കു ൧൩ പുസ്തകം.

ഒന്നേമുക്കാൽ അണയ്ക്കു തപാൽസ്റ്റാമ്പോ, രണ്ടേമുക്കാൽ ചക്രത്തിനു അഞ്ചൽസ്റ്റാമ്പോ അയച്ച് ആവശ്യപ്പെടുന്നവക്ക് ഓരോ പുസ്തകവും കൂലിതീർത്തു അയച്ചുകൊടുക്കുന്നതാണ്. ഒരു പുസ്തകം മാത്രമായിട്ടു വി. പി. അയക്കുന്നതല്ല. ഒരു രൂപാ മുൻകൂറടയ്ക്കുന്നവക്ക് ആ വിലയ്ക്കുള്ള പുസ്തകങ്ങൾ ഓരോ നമ്പരിൽനിന്നു ഓരോന്നുവീതം പ്രസിദ്ധപ്പെടുത്തിയാലുടൻ അയച്ചുകൊടുക്കും.

താഴെപ്പറയുന്ന ഏതെങ്കിലും മേൽവിലാസത്തിൽ അപേക്ഷിക്കുക.

മാനേജർ, കർമ്മലകുസുമം,
മാന്നാനം.

മാനേജർ, കത്തോലിക്കാബുക്കുഡിപ്പോ,
എർണാകുളം.

---

## "വേദപുസ്തകം മാത്രമോ പ്രമാണം?"

ക. നി. മൂ. സ. ബ. ഇഗ്നാസിയോസച്ചൻ എഴുതിയ ഒരു പുതിയ വിശേഷപുസ്തകം. വില ൨൦ ചക്രം മാത്രം. ആവശ്യക്കാർ ൩൬ ചക്രത്തിനു അഞ്ചൽസ്റ്റാമ്പോ ൨ അണയുടെ തപാൽസ്റ്റാമ്പോ അയച്ചുതന്നാൽ പുസ്തകം കൂലിതീർത്തു അയച്ചുതരുന്നതും, വി. പി. ചെലവുകൂടാതെ കഴിയുന്നതുമാകുന്നു.

സൂപ്രണ്ട്, സെൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം.

Registered No. M. 365. No: T. 2.

# നസ്രാണിദീപിക

“നസ്രാണിദീപിക”യെ ആഴ്ചയിൽ മൂന്നു വീതം പ്രസിദ്ധീകരിക്കാൻ തീർച്ചയാക്കിയിരിക്കുന്നു. ത്രൈവാരികപ്പത്രത്തിന്റെ ആദ്യലക്കം അടുത്ത മാർച്ച 21-ാം വ്യാഴാഴ്ച പുറപ്പെടുന്നതാണ്. ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ശനിയാഴ്ചയുമായിരിക്കും പത്രപ്രസിദ്ധീകരണദിവസങ്ങൾ.

ദീപികയെ ത്രൈവാരികയാക്കുന്നതോടുകൂടി അതിന്റെ പ്രകൃതിയിലും പല പരിഷ്കാരങ്ങൾ വരുത്തുന്നതാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, കൊച്ചി, എറണാകുളം, കോഴിക്കോടു മുതലായി കേരളീയ പ്രധാനപട്ടണങ്ങളിലെ വർത്തമാനക്കുറിപ്പുകളും, പ്രാദേശികവാർത്തകളും പത്രത്തിൽ പതിവായുണ്ടായിരിക്കും. കേരളത്തിലും ഇൻഡ്യയിലും നടക്കുന്ന വിശേഷസംഭവങ്ങളെപ്പററി സൂക്ഷ്മമായും വിശദമായുമുള്ള വിവരങ്ങൾ യഥാകാലം പ്രസിദ്ധം ചെയ്തുകൊണ്ടിരിക്കുന്നതാണ്. മദ്രാസ്, തിരുവനന്തപുരം, കൊല്ലം മുതലായ പ്രധാനപട്ടണങ്ങളിൽനിന്നു പ്രധാന സംഭവങ്ങൾ അപ്പൊഴപ്പോൾ കമ്പിമൂലം അറിയിക്കുന്നതിനും ഏർപ്പാടു ചെയ്തിട്ടുണ്ട്. കൃഷി കച്ചവടം വ്യവസായം മുതലായ വിഷയങ്ങളെപ്പററി വിദഗ്ദ്ധന്മാരാൽ എഴുതപ്പെടുന്ന പ്രത്യേക ലേഖനങ്ങൾ ഇടക്കിടെ ഉണ്ടായിരിക്കും. കച്ചവടകാര്യങ്ങൾ, സിദ്ധൌഷധക്കുറിപ്പുകൾ, സാമുദായികമായും മററുമുള്ള ചെറുകഥകൾ എന്നിവക്കു പുറമേ, അത്യന്തം രസകരമായ ഒരു നോവൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കാനും നിശ്ചയിച്ചിട്ടുണ്ട്. രാജ്യകാര്യങ്ങളെപ്പററിയുള്ള ഉപന്യാസങ്ങൾ, മതവിരോധികളുടെ അസത്യപ്രസ്താവനകളെ ഖണ്ഡിച്ചുള്ള ലേഖനങ്ങൾ മുതലായവയും ഉണ്ടായിരിക്കും. ചുരുക്കത്തിൽ രാഷ്ട്രീയമായ ഒരു കത്തോലിക്കാപ്പത്രത്തിൽ അവശ്യം പ്രസിദ്ധീകരിക്കേണ്ട എല്ലാ വിഷയങ്ങളെക്കുറിച്ചും പ്രതിപാദിക്കപ്പെടുന്നതാണ്.

**വരിപ്പണം ആണ്ടിൽ മുൻകൂറു ഒമ്പതു രൂപാ മാത്രമായിരിക്കും.**

സമുദായനന്മയെ സർവ്വപ്രധാനമായി ലക്ഷീകരിച്ചു ആരംഭിക്കുന്ന ഈ നൂതനപ്രസ്ഥാനത്തിൽ ദീപികയെ എല്ലാവരും ഹൃദയപൂർവ്വം സഹായിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

മാനേജർ, നസ്രാണിദീപിക.

മാന്നാനം.


## അമ്പതു നോമ്പ്!!

ബ്രഹ്മശ്രീ മററത്തിൽ കുര്യൻ കത്തനാർ എഴുതിയ “പരിത്യാഗപരമകാഷ്ഠ” അഥവാ ‘ഈശോയുടെ പീഡാനുഭവം’ പുതിയ പതിപ്പ്. വില അണ ൨ മാത്രം.

ടി. ജെ. ചാണ്ടി അവർകൾ,

“മാർത്തോമ്മാ പ്രസിദ്ധീകരണസംഘം”

പാലാ, തിരുവിതാംകൂർ.